# നേർപഥം

വാരിക

VOL NO: 05 I ISSUE 30
www.nerpatham.com
mail@nerpatham.com

2021 JULY 31 I ₹12

# LGBT ആക്റ്റിവിസം ജീവനെടുക്കുമ്പോൾ



ഗുരുതരമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗം ആളുകൾ. അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ ശ്രമിക്കുന്നതിനും സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും പകരം കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിടുകയാണ് LGBT ആക്റ്റിവിസം. ട്രാൻസ്ജെൻഡറുകളെപറ്റിയും ആക്റ്റിവിസത്തെപറ്റിയും ഗൗരവകരമായ പുനർവിചിന്തനങ്ങൾ അത്യാവശ്യമാണ്

- ക്ഷണിച്ചുവരുത്തുന്ന ദുരന്തങ്ങൾ

- മുസ്‌ലിംകളും കുടുംബജീവിതവും
- മനുഷ്യസൗഹാർദം; പ്രസക്തിയും പ്രായോഗികതയും
- ഉന്നതവിദ്യാഭ്യാസത്തിനൊരുങ്ങാം; അഭിരുചിക്കൊത്ത്



ഇനി പഠനം രസകരമാകും
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel Online Library
സന്ദർശിക്കുക
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
Google play
Available on the App Store
Peace Radio
RadioForPeace

0236

നേർപഥം
വാരിക

2021 ജൂലൈ 31
1442 ദുൽഹിജ്ജ 20
പുസ്തകം 05 / ലക്കം 30

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10



**LGBT: ആക്റ്റിവിസം ജീവനെടുക്കുമ്പോൾ**
അബ്ദുല്ല ബാസിൽ സി.പി

05
**മുഖമൊഴി**
ക്ഷണിച്ചുവരുത്തുന്ന ദുരന്തങ്ങൾ
എഡിറ്റർ

06
**ലേഖനം**
ഉന്നതവിദ്യാഭ്യാസത്തിനൊരുങ്ങാം; അഭിരുചിക്കൊത്ത്
നബീൽ പയ്യോളി

16
**പുനർവായന**
മുസ്‌ലിംകളും കുടുംബജീവിതവും
പ്രൊഫ: ടി. അബ്ദുല്ല സാഹിബ്

18
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

24
**ക്വുർആൻ ദർശനം**
അൽക്വമർ, ഭാഗം 2
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26
**ചരിത്രപഥം**
മദീനയിലെ പ്രതികൂല കാലാവസ്ഥയും മുഹാജിറുകളും
ഹുസൈൻ സലഫി, ഷാർജ

31
**ലേഖനം**
മനുഷ്യസൗഹാർദം; പ്രസക്തിയും പ്രായോഗികതയും
ടി.കെ.അശ്റഫ്

34
**ബാലപഥം**
ഉപ്പാപ്പ / വല്യുമ്മ
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

## വായനക്കാർ എഴുതുന്നു




### അഫ്ഗാനിന്റെ ദുരവസ്ഥ

ലോകപ്രശസ്ത ഫോട്ടോ ജേർണലിസ്റ്റ് ഡാനിഷ് സിദ്ദീഖി അഫ്ഗാനിൽവെച്ച് വെടിയേറ്റുമരിച്ച സംഭവത്തെ ആസ്പദമാക്കി സുഫ്‌യാൻ അബ്ദുസ്സലാം എഴുതിയ 'ഡാനിഷിന്റെ അന്ത്യം: അഫ്ഗാനിൽ പുകയുന്നതെന്ത്?' എന്ന ലേഖനം കാലിക പ്രസക്തവും പഠനാർഹവുമായിരുന്നു.

ലേഖകൻ എഴുതിയതുപോലെ, അഫ്ഗാനിന്റെ ഇതുവരെയുള്ള ചരിത്രത്തിൽനിന്നും മുസ്‌ലിംരാഷ്ട്രങ്ങൾക്ക് ഒട്ടേറെ കാര്യങ്ങൾ പഠിക്കാനുണ്ട്. ജനങ്ങളുടെ ഐക്യമാണ് ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ വിജയത്തിന്റെ നിദാനമായിട്ടുള്ള സുപ്രധാന ഘടകം. ശക്തമായ ഇസ്‌ലാമിക ബോധത്തിലൂടെയും ജനാഭിപ്രായ മൂല്യങ്ങളിലൂടെയും മാത്രമെ ഏതൊരു മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രത്തിനും നിലനിൽക്കാൻ കഴിയുകയുള്ളൂ. നാലുകോടി ജനങ്ങൾ മാത്രമുള്ള അഫ്ഗാനിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരുപറഞ്ഞുകൊണ്ട് എത്രയെത്ര സംഘങ്ങളാണ് പരസ്പരം പോരടിക്കുന്നത്! എത്ര വർഷങ്ങളായി അവർ ഇത് തുടങ്ങിയിട്ട്! ഈ പോരാട്ടങ്ങൾ അവസാനിപ്പിക്കുന്നതിനും ഒരു സംഘത്തിന് മറ്റൊരു സംഘത്തിൽനിന്നുള്ള ഭീഷണി ഇല്ലാതാക്കുന്നതിനും പുറത്തുനിന്നുള്ള സൈനികശക്തികളെ ആശ്രയിക്കേണ്ടിവരുന്നു എന്നതിനെക്കാൾ നാണംകെട്ട അവസ്ഥ എന്താണുള്ളത്? സ്വന്തം രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്കായിരിക്കണം ഏതൊരു രാജ്യത്തെ ഭരണാധികാരികളും ജനനേതാക്കളും മുൻഗണന നൽകേണ്ടത്. സ്വന്തം രാജ്യത്ത് സമാധാനവും സുരക്ഷിതത്വവും സ്ഥാപിക്കാൻ സാധിക്കാത്തവർക്ക് അന്യരാജ്യങ്ങളെ അക്കാര്യത്തിൽ പഴിപറയാൻ യാതൊരു അവകാശവുമില്ല.

**മുഹമ്മദ് ജമാൽ, തിരുവനന്തപുരം**

## ചലനങ്ങൾ

# സച്ചാർ സംരക്ഷണസമിതി നിലവിൽവന്നു

ഹൈക്കോടതി വിധിയെത്തുടർന്ന് കേരളത്തിൽ സച്ചാർ കമ്മിറ്റി നിർദേശങ്ങൾ അപ്രസക്തമായ സാഹചര്യത്തിൽ 2021 ജൂലൈ 22 വ്യാഴാഴ്ച മുസ്‌ലിം സംഘടനകളുടെ സംയുക്ത യോഗം ഓൺലൈനിൽ ചേർന്നു. മൂന്നു മണിക്കൂറിലധികം നീണ്ട സുചിന്തിതമായ ചർച്ചക്ക് ശേഷം ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി. പ്രസ്തുത സമിതി ജൂലൈ 25ന് കോഴിക്കോട്ട് യോഗംചേർന്നു. മുസ്‌ലിം ന്യൂനപക്ഷ പിന്നാക്കസെൽ രൂപീകരിച്ച് സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിൽവരുത്താൻ സർക്കാർ തയ്യാറാവുന്നതുവരെ പ്രത്യക്ഷ സമരപരിപാടികളുമായി മുന്നോട്ടുപോകാൻ വേണ്ടി സച്ചാർ സംരക്ഷണ സമിതിക്ക് രൂപം നൽകി. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളാണ് ചെയർമാൻ. പതിനാല് മുസ്‌ലിം മത-സാമുദായിക സംഘടനകളിലെ അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് സംരക്ഷണ സമിതി.

ആഗസ്റ്റ് 3ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് സെക്രട്ടറിയേറ്റിൽ ഓരോ സംഘടനയിലെയും മുൻനിര നേതാക്കൾ ധർണ സംഘടിപ്പിക്കും. അതിനുശേഷം മുഖ്യമന്ത്രിയെ നേരിൽകണ്ട് നിവേദനം സമർപ്പിക്കും. അനുകൂല നടപടിയുണ്ടായില്ലെങ്കിൽ ജില്ല, പ്രാദേശിക തലങ്ങളിലേക്ക് സമരപരിപാടി വ്യാപിക്കാനും യോഗത്തിൽ തീരുമാനമായി.

ഇസ്‌ലാമോഫോബിയയുടെ സ്വാധീനത്താൽ ന്യായമായ ആവശ്യങ്ങൾ ഉന്നയിക്കുന്നത് പോലും വർഗീയമായി വ്യാഖ്യാനിക്കുന്ന പ്രവണത പൊതുസമൂഹത്തിൽ വർധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ മുസ്‌ലിം സംഘടനകളുടെ നേതൃത്വം കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് യോഗം നിരീക്ഷിച്ചു. പലപ്പോഴും അതിനു വഴങ്ങിപ്പോകുന്ന നിലവിലുള്ള സാഹചര്യത്തെ തിരിച്ചറിഞ്ഞ് നിലപാട് സ്വീകരിക്കാനാവണമെന്നും യോഗത്തിൽ ധാരണയായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് യോഗത്തിൽ പങ്കെടുത്തു. വരുംനാളുകൾ സമുദായത്തെ സംബന്ധിച്ച് അവകാശ സംരക്ഷണത്തിനായുള്ള പോരാട്ടത്തിന്റെ ദിനങ്ങളായിരിക്കും.

# ക്ഷണിച്ചുവരുത്തുന്ന ദുരന്തങ്ങൾ

അപ്രതീക്ഷിത പ്രളയങ്ങളും കാട്ടുതീയും ചുഴലിക്കാറ്റും മറ്റും സൃഷ്ടിക്കുന്ന ജീവനാശം പല രാജ്യങ്ങളെയും ഭീതിയുടെ മുൾമുനയിലാക്കിക്കൊണ്ടിരിക്കുകയാണ്. കോവിഡ് തകർത്തെറിഞ്ഞ സമ്പദ്‌വ്യവസ്ഥ പുനരുജ്ജീവനത്തിന്റെ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങുമ്പോൾ തന്നെ സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങൾ നേരിടാൻ എന്തു ചെയ്യുമെന്ന ആശയക്കുഴപ്പത്തിലാണ് ഭരണാധികാരികൾ. നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന തെറ്റായ വികസന നയങ്ങൾ ഭീകരമായ അപകടത്തിന്റെ വക്കിലാണു തങ്ങളെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നതെന്നു ലോകം തിരിച്ചറിഞ്ഞിരിക്കുന്നു. സമയം വൈകിപ്പോയോ എന്ന സംശയം പ്രകടിപ്പിക്കുകയാണു കാലാവസ്ഥാ വിദഗ്ധരടങ്ങുന്ന ശാസ്ത്ര സമൂഹം.

ലോകരാഷ്ട്രങ്ങൾ ഒരുമിച്ചു യുദ്ധസമാന തെറ്റുതിരുത്തൽ നടപടികൾ കാലവിളംബം കൂടാതെ എടുത്തില്ലെങ്കിൽ ലോകത്തിലെ വലിയൊരു ശതമാനം ജനങ്ങൾ വരുംവർഷങ്ങളിൽ അവരുടെ നേതാക്കളുടെ ഭ്രാന്തൻ വികസനനയങ്ങൾ സൃഷ്ടിച്ച കാലാവസ്ഥ അടിയന്തരാവസ്ഥയുടെ ഇരകളായി മാറി ഒടുങ്ങുവാൻ സാധ്യതയുണ്ട്. കാനഡിലും അമേരിക്കയിലെ കാലിഫോർണിയയിലും സംഹാരതാണ്ഡവമാടിയ കാട്ടുതീയിൽ നിന്നുയർന്ന പുക 4800 കിലോമീറ്റർ അകലെയുള്ള ന്യൂയോർക്ക് നഗരത്തിൽ വരെ ദൃശ്യമായി എന്നറിയുമ്പോൾ ആ കാലാവസ്ഥ ദുരന്തത്തിന്റെ ഭീകരത വ്യക്തമാകും. ന്യൂയോർക്കിലെ വായു മലിനീകരണം കഴിഞ്ഞ 14 വർഷത്തെ ഏറ്റവും മോശം നിലയിലേക്കു പതിക്കാനും ആ പുക കാരണമായി എന്നാണ് വാർത്ത.

ലോകത്തിലെ നാലാമത്തെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥയും വികസിത രാജ്യങ്ങളുടെ കൂട്ടായ്മയായ 'ജി 7' അംഗ രാജ്യവുമായ ജർമനിയുടെ ദുരന്തനിവാരണ സജ്ജീകരണങ്ങളുടെ ശേഷിക്കു താങ്ങാനാകാത്ത തരത്തിലുള്ള പ്രളയമാണ് ഏതാനും ദിവസങ്ങൾക്കു മുമ്പ് അവിടെയുണ്ടായത്. 150 ലേറെ ആളുകൾ മരിക്കുകയും 100ലേറെയാളുകളെ കാണാതാകുകയും ചെയ്തു. പല സ്ഥലങ്ങളിലും ജനങ്ങൾ ഭരണകൂടത്തിനെതിരെ രംഗത്തുവന്നത് ജർമനിയിൽ അധികം കാണാത്ത കാഴ്ചയായിരുന്നു.

1000 വർഷത്തിനിടെയുണ്ടായ ഏറ്റവും കനത്തമഴയാണു ചൈനയിലെ ഹെനാൻ പ്രവിശ്യയെ അപ്പാടെ മുക്കിയത്. നിലവിൽ 25 പേർ മരിച്ചതായാണു കണക്ക്. 12 ലക്ഷത്തോളം പേരെയാണ് വെള്ളപ്പൊക്കം ബാധിച്ചത്. 24 മണിക്കൂറിനുള്ളിൽ 45.75 സെന്റി മീറ്റർ മഴയാണ് അവിടെ പെയ്തത്. അതായത് ആ പ്രദേശത്ത് ഒരു വർഷത്തിൽ ആകെ പെയ്യുന്ന മഴ വെറും 3 ദിവസത്തിനുള്ളിൽ പെയ്തിറങ്ങി! ഇങ്ങനെയൊക്കെയാണെങ്കിലും മരണ സംഖ്യ നാമമാത്രമാണ് എന്നത് അധികൃതരുടെ മികച്ചതും സമയോചിതവുമായ ഇടപെടലിനെയും രക്ഷാപ്രവർത്തനങ്ങളെയും അറിയിക്കുന്നു.

ലോകത്തിലെ കാർബൺ ബഹിർഗമനത്തിൽ 28 ശതമാനവും സംഭാവന ചെയ്യുന്നതു ചൈനയാണ്. ലോകം ഇത്ര ഗുരുതരമായ കാലാവസ്ഥാ മാറ്റങ്ങളിലൂടെ കടന്നുപോകുമ്പോഴും സ്വന്തം നഗരങ്ങൾ തന്നെ അതിനിരയായി മാറുമ്പോഴും അന്തരീക്ഷം മലിനപ്പെടുത്തുന്ന വ്യവസായങ്ങൾക്കുമേൽ നിയന്ത്രണം കൊണ്ടുവരാൻ ചൈന തയാറല്ലായെന്നതാണു ശ്രദ്ധേയം. 12.9 ബില്യൻ മുതൽ 14.7 ബില്യൻ വരെ ടൺ കാർബൺ ഡയോക്സൈഡാണു് ചൈന ഒരു വർഷം അന്തരീക്ഷത്തിലേക്കു തള്ളുന്നത്. ചൈനയുടെ ഊർജ ഉപഭോഗത്തിന്റെ 58 ശതമാനവും സംഭാവന ചെയ്യുന്ന കൽക്കരി ഇന്ധനമായി ഉപയോഗിക്കുന്ന വൈദ്യുത നിലയങ്ങളാണ് ഇതിൽ പ്രധാന പങ്കുവഹിക്കുന്നത്.

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (ക്വുർആൻ 30:41).

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# ഉന്നതവിദ്യാഭ്യാസത്തിനൊരുങ്ങാം; അഭിരുചിക്കൊത്ത്

**ഈ** വർഷത്തെ എസ്.എസ്.എൽ.സി റിസൾട്ട് വന്നു, വിജയശതമാനം 99.47. പരീക്ഷയെഴുതിയ 4,21,887 പേരിൽ 4,19,651 പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. എല്ലാ വിഷയത്തിലും എ പ്ലസ് നേടി 1,21,318 വിദ്യാർഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. ഏതൊരു വിദ്യാർഥിയുടെയും പഠന കാലഘട്ടത്തിലെ ഏറ്റവും പ്രഥമമായ കടമ്പ പത്താം ക്ലാസ്സ് പാസ്സാവുക എന്നതാണ്. കാലം മാറുന്തോറും ആ കടമ്പ നേർത്തുവരുന്നു എന്നതാണ് ഫലം നൽകുന്ന സൂചന. മുന്നിൽ വരുന്ന മറ്റു കടമ്പകളെ അപേക്ഷിച്ച് പത്താംതരം എന്നത് ഒരു കടമ്പയല്ലാതായി മാറിക്കഴിഞ്ഞു. അതിവേഗം കുതിക്കുന്ന ലോകത്തിനനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോവുക എന്നതുതന്നെയാണ് വിദ്യാഭ്യാസ രംഗത്ത് നമ്മൾ വെച്ചുപുലർത്തേണ്ട കാഴ്ചപ്പാട്.

എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയവർ പലപ്പോഴും ആദ്യ ചോയ്സായി തെരഞ്ഞെടുക്കുന്നത് സയൻസ് വിഷയങ്ങളാണ്. രണ്ടാമത്തെ ഓപ്ഷൻ കൊമേഴ്സും പിന്നെ ഹ്യുമാനിറ്റീസും. പലപ്പോഴും രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും അടക്കം വിദ്യാർഥികളിൽ ചെലുത്തുന്ന തെറ്റായ സ്വാധീനമാണ് ഇങ്ങനെ കണ്ണടച്ചുള്ള തെരഞ്ഞെടുപ്പിലേക്ക് അവരെ തള്ളിവിടുന്നത്. ഇത്തരം ഒരു തരംതിരിവിൽ അർഥമില്ല. ഓരോരുത്തരുടെയും കഴിവിനും താൽപര്യത്തിനുമനുസരിച്ച് പ്രയോറിറ്റി മാറിക്കൊണ്ടിരിക്കും. ഫുൾ എപ്ലസ് നേടിയവൻ സയൻസ് തന്നെ പഠിക്കട്ടെ എന്ന വാശി പാടില്ല. കഴിവും താൽപര്യവും അനുസരിച്ച് ഏത് സ്ട്രീമിലും പഠിക്കാനുള്ള സ്വാതന്ത്ര്യവും സഹായങ്ങളും നൽകുക എന്നതാണ് രക്ഷിതാക്കളും അധ്യാപകരും സമൂഹവും ചെയ്യേണ്ടത്. മനുഷ്യൻ വ്യത്യസ്ത കഴിവുകൾ ഉള്ളവനാണ്. അവന്റെ കഴിവുകളെ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിച്ച് ഉപയോഗപ്പെടുത്തുക എന്നതാണ് വിവേകമുള്ളവർ ചെയ്യേണ്ടത്. ഡോക്ടറുടെ മക്കൾ ഡോക്ടർമാരും അധ്യാപകന്റെ മക്കൾ അധ്യാപകരും എഞ്ചിനീയറുടെ മക്കൾ എഞ്ചിനീയർമാരും വക്കീലിന്റെ മക്കൾ വക്കീലുമാരും ആവുക പോലുള്ള; രക്ഷിതാക്കളുടെ താൽപര്യങ്ങൾക്കനുസരിച്ച് മക്കളുടെ ഭാവിനിർണയിക്കുന്ന രീതി ഒരിക്കലും ഭൂഷണമല്ല. നമ്മുടെ മക്കളിലെ കഴിവുകളെ തല്ലിക്കെടുത്തുകയാണ് ഇത്തരം പ്രവണതകളിലൂടെ നാം ചെയ്യുന്നത്.

ഏതൊരാളുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്നതിലും വലിയ ഒരു പങ്ക് വിദ്യാഭ്യാസത്തിനുണ്ട് എന്നത് യാഥാർഥ്യമാണ്. രക്ഷിതാക്കളും സമൂഹവും ചെലുത്തുന്ന അനാവശ്യ സമ്മർദത്തിന് വഴങ്ങി തല വെച്ചുകൊടുക്കേണ്ടിവരുന്ന വിദ്യാർഥികളുടെ ഭാവിയെയാണ് തല്ലിക്കെടുത്തുന്നത്. ഇത്തരം സമ്മർദങ്ങളുടെ ഇരകളിൽ ചിലരെങ്കിലും ജീവിതംതന്നെ അവസാനിപ്പിക്കുന്ന അവസ്ഥവരെ ഉണ്ടാകുന്നു എന്നത് ദുഃഖകരമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഫലം പരിശോധിച്ചാലും പൊതുബോധം തീർത്ത കുരുക്കിൽ ഞെരിഞ്ഞമർന്ന ആയിരക്കണക്കിന് വിദ്യാർഥി ജീവിതങ്ങളെ കാണാൻ സാധിക്കും. ഉന്നത കലാലയങ്ങളുടെ നിലവാരമില്ലായ്മയും കെടുകാര്യസ്ഥതയും ഭരണകൂടവീഴ്ചയും ഒക്കെ അത്തരം ദുരന്തങ്ങൾക്ക് കാരണമാണെങ്കിലും അതോടൊപ്പം ഈ പൊതുബോധ നിർമിതിയുടെ രക്തസാക്ഷികൾ കൂടിയാണവർ എന്നത് മറന്നുകൂടാ. കേരള സാങ്കേതിക സർവകലാശാലയുടെ എഞ്ചിനിയറിങ് പരീക്ഷാഫലം പരിശോധിച്ചാൽ ഈ വസ്തുത നമുക്ക് ബോധ്യമാവും.

ഏതൊരു കാര്യത്തിലും വലിയ പ്രാധാന്യം അഭിരുചിക്കും താൽപര്യത്തിനുമുണ്ട്. ഇഷ്ടമില്ലാത്തത് ചെയ്യാൻ നിർബന്ധിച്ചാൽ ഏതൊരാൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ വിദ്യാർഥികൾക്കും ഉണ്ടാവും എന്നത് തിരിച്ചറിയാതെപോകരുത്. കഴിവും അഭിരുചിയും മനസ്സിലാക്കേണ്ടതും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകേണ്ടതും രക്ഷിതാക്കളും അധ്യാപകരുമാണ്. ഏതൊരു വിദ്യാർഥിയുടെ ജീവിതയാത്രയിലും അധ്യാപകരുടെ സ്വാധീനം പ്രധാനമാണ്. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവർക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകാനും അധ്യാപകർ ശ്രദ്ധിച്ചാൽ വലിയ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാം. ലോകം മുഴുവൻ കൊടുങ്കാറ്റുകണക്കെ മാറിക്കൊണ്ടിരിക്കുന്നു. ആ മാറ്റങ്ങളോട് പുറംതിരിഞ്ഞു നിന്നാൽ ഒറ്റപ്പെട്ടുപോവുകയേയുളളൂ. ലോകത്തെ ഇന്ന് വിരൽത്തുമ്പിലാണ് നാം അന്വേഷിക്കുന്നത്. വിജ്ഞാനം നമ്മെ തേടിയെത്തുന്ന കാലത്ത് ശരിയായത് കണ്ടെത്താനും ഉപയോഗപ്പെടുത്താനും സാധിക്കേണ്ടതുണ്ട്. രാജ്യാതിർത്തികളെ അപ്രസക്തമാക്കിക്കൊണ്ട് വിജ്ഞാനവിസ്ഫോടനം നടക്കുന്ന ഇന്നിന്റെ ലോകത്ത് ലോകക്രമത്തിനനുസരിച്ച് സഞ്ചാരപഥം രൂപപ്പെടുത്തുന്നവർക്ക് മാത്രമെ വിജയം വരിക്കാൻ സാധ്യമാവുകയുള്ളൂ. സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം നമ്മെ അമ്പരപ്പിക്കും വിധമുള്ള മാറ്റങ്ങൾക്കാണ് ഹേതുവായിട്ടുള്ളത്. ആരെയെങ്കിലും അജ്ഞതയുടെ ഇരുട്ടുകളിൽ തളച്ചിടുക അസാധ്യം. വിരൽത്തുമ്പിലുള്ള വിജ്ഞാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താനും അബദ്ധങ്ങളിൽ ചെന്നുവീഴാതിരിക്കാനുള്ള മാർഗനിർദേശങ്ങളും കൈത്താങ്ങും നൽകിയാൽ നമ്മുടെ ഇളംതലമുറയെ നാളെയുടെ വാഗ്ദാനങ്ങളാക്കി മാറ്റാം.

ഹൈസ്കൂൾ തലത്തിൽ എത്തുമ്പോഴെങ്കിലും താൻ ആരാവണമെന്ന് ലക്ഷ്യം തീരുമാനിക്കാൻ പുതുതലമുറ തയ്യാറാകേണ്ടതുണ്ട്. അതിന് അധ്യാപകരും രക്ഷിതാക്കളും അവരെ പ്രാപ്തരാക്കുകയും വേണം. വൈകിയുള്ള തയ്യാറെടുപ്പുകൾ പലപ്പോഴും വിദ്യാർഥികളുടെ ഭാവിയിൽ നഷ്ടങ്ങൾക്ക് കാരണമായേക്കാം. താൻ ഉദ്ദേശിക്കുന്ന നിലയിലേക്ക് എത്താൻ വലിയ പരി

ശ്രമത്തിന്റെ ആവശ്യമുണ്ടെന്നും അത് ഹൈസ്കൂൾതലം മുതലേ ആരംഭിക്കണം എന്നുമുള്ള തിരിച്ചറിവ് വിദ്യാർഥികൾക്ക് നൽകുകയും ചെയ്താൽ അതുവഴി പെട്ടെന്നുള്ള തീരുമാനങ്ങൾ തീർക്കുന്ന സമ്മർദങ്ങളിൽനിന്നും അവരെ മോചിപ്പിക്കാൻ സാധിക്കും. ചെറിയ പ്രായത്തിൽതന്നെ ഉന്നതങ്ങളിൽ എത്തിച്ചേരാനും അവിടങ്ങളിൽ നന്നായി പെർഫോം ചെയ്യാനും നേരത്തെയുള്ള തയ്യാറെടുപ്പുകൾ ഏതൊരു വിദ്യാർഥിയെയും സഹായിക്കും. മുമ്പത്തെപോലെ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ഇന്നില്ല. ലോകത്തെ മുഴുവൻ കാര്യങ്ങളെക്കുറിച്ചും അറിയാനും പഠിക്കാനും പരിശീലനങ്ങൾ ലഭിക്കാനും ധാരാളം സംവിധാനങ്ങൾ ഇന്നുണ്ട്. അത് കണ്ടെത്തി ശരിയായത് ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം. അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സംവിധാനങ്ങളും മത, സാമൂഹിക, സാംസ്കാരിക സംഘടനകളും വിദ്യാസമ്പന്നരും വിദ്യാർഥി സംഘടനകളും അടക്കം ഈ രംഗത്ത് സഹായങ്ങൾ ചെയ്ത് പുതുതലമുറയെ വിദ്യാഭ്യാസ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കാൻ തങ്ങളുടേതായ ഭാഗധേയം നിർവഹിക്കേണ്ടതുണ്ട്.

ട്രെന്റുകൾക്ക് പിന്നാലെ പോകലല്ല കാലത്തിനനുസരിച്ച് മാറുക എന്നതിന്റെ വിവക്ഷ. മറിച്ച് വിവേകപൂർവം മാറ്റങ്ങളോട് പ്രതികരിക്കുക എന്നതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സയൻസ് മേഖലക്ക് നമ്മളൊക്കെ നൽകിയ അമിതപ്രാധാന്യത്തിന്റെ ഇരകളായ പലരും നമ്മുടെ ചുറ്റുവട്ടങ്ങളിലുണ്ട്. എല്ലാറ്റിനും ഒരു ബാലൻസിംഗ് നിലനിർത്തൽ അനിവാര്യമാണ്. കഴിവും അഭിരുചിയും സാധ്യതകളും പരിഗണിക്കാതെ കോഴ്സുകൾ തെരഞ്ഞെടുക്കുന്നത് ദുരന്തമാവും. കേരളത്തിൽ ജോലിചെയ്യുന്ന പലരും തങ്ങളുടെ യോഗ്യതക്ക് അനുസരിച്ചുള്ള ജോലി ലഭിക്കുന്നില്ലെന്ന് പരാതിപറയുന്നത് ഈ ബാലൻസിംഗ് ഇല്ലാത്തതിന്റെ പരിണിതഫലമാണ്.

ഏതു കോഴ്സിനാണ് സാധ്യത എന്ന് ചോദിച്ചാൽ എല്ലാറ്റിനും സാധ്യതയുണ്ട് എന്ന് പൊതുവെ പറയാം. നാം എന്ത് പഠിക്കുന്നു എന്നതിനപ്പുറം അതിലെത്ര മികവ് പുലർത്താൻ സാധിക്കുന്നു എന്നതാണ് പ്രധാനം. ഏത് കാര്യങ്ങൾ ചെയ്യുമ്പോഴും പരമാവധി മികച്ച രീതിയിൽ ചെയ്യുക. കോഴ്സിനും സർട്ടിഫിക്കറ്റുകൾക്കും അപ്പുറം പെർഫോമൻസ് അല്ലെങ്കിൽ സ്കിൽ ആണ് ഇന്നിന്റെ ലോകം ആവശ്യപ്പെടുന്നത്. അതുകൊണ്ട് തന്നെ നന്നായി ചെയ്യാൻ പറ്റാവുന്ന കോഴ്സുകൾ തെരഞ്ഞടുക്കലാണ് അഭികാമ്യം. ലോകത്തെ മാറ്റങ്ങൾക്കനുസരിച്ച് കോഴ്സുകളുടെ സാധ്യത മാറിമറിയും. അതുകൂടി കണക്കിലെടുത്താവണം നമ്മുടെ ലക്ഷ്യം നിർണയിക്കേണ്ടത്. മാറ്റങ്ങൾക്കനുസരിച്ചുള്ള അപ്ഡേഷനുകളും മറക്കാതിരിക്കേണ്ടതാണ്. സമൂഹവും രക്ഷിതാക്കളും ഈ വസ്തുതകൾ ഉൾക്കൊണ്ടുകൊണ്ട് വിവേകത്തോടെ ഇടപെടൽ നടത്തിയാൽ വിദ്യാർഥികൾക്ക് ശോഭനമായ ഭാവിയുണ്ടാവും എന്ന് പ്രത്യാശിക്കാം.

'നമ്മുടെ സ്ഥാപനങ്ങൾ ഉണ്ടോ' എന്ന് പലപ്പോഴും പലരും ചോദിക്കാറുണ്ട്. രക്ഷിതാക്കളുടെ ആധിയിൽനിന്നുയരുന്ന ചോദ്യമാണിതെന്ന് വ്യക്തം. നമ്മുടെ കുട്ടികൾ വിദ്യാഭ്യാസത്തിന് തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ 'നമ്മുടെതാക്കി മാറ്റുക' എന്നതാണ് പരിഹാരം. അതിനുള്ള വ്യക്തിത്വം അവനിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് രക്ഷിതാക്കളുടെ കടമ. എവിടെ ചെന്നാലും അങ്ങനെ ജീവിക്കാൻ സാധിക്കുന്ന കൂട്ടുകെട്ടുകൾ ഉണ്ടാക്കിയെടുക്കലും പ്രധാനമാണ്. പഠന തിരക്കുകൾക്കിടയിൽ മത, സാമൂഹിക പ്രവർത്തനങ്ങളിൽനിന്ന് അകന്ന് കഴിയുന്നവർ പലപ്പോഴും അബദ്ധങ്ങളിൽ ചെന്ന് ചാടാറുണ്ട്. അതുകൊണ്ട് തന്നെ ആദർശബന്ധങ്ങളെ ഉണ്ടാക്കിയെടുക്കാനും അവരുമായി ഇടപഴകാനും സാമൂഹിക പ്രതിബദ്ധതയുള്ളവരായി മക്കളെ വളർത്താനും രക്ഷിതാക്കൾ ചെറുപ്രായം മുതലേ ശ്രദ്ധിക്കണം. എങ്കിലേ നമ്മുടെ കണ്ണെത്താദൂരത്തും ആ വലയങ്ങൾ നമുക്ക് പ്രയോജനപ്പെടുകയുള്ളൂ. രാജ്യത്തെ മിക്ക ക്യാംപസുകളിലും ധാർമിക വിദ്യാർഥി കൂട്ടായ്മകൾ ഇന്നുണ്ട്. അത് പ്രയോജനപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്.

## മലബാറിലെ ഉപരിപഠന സൗകര്യങ്ങളുടെ അപര്യാപ്തത

മികച്ച വിജയം എന്നത് ഏതൊരു വിദ്യാർഥിയെ സംബന്ധിച്ചും സന്തോഷകരമായ കാര്യം തന്നെയാണ്. എന്നാൽ അതിനനുസരിച്ച് അടുത്ത ഘട്ടത്തിൽ പഠന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ചരിത്രപരമായ കാരണങ്ങളാൽ മലബാർ വികസന

രംഗത്ത് തിരുവിതാംകൂറിനെക്കാൾ പിന്നിലാണ് എന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ ഈ വസ്തുത തുറന്നുപറയുന്നത് തന്നെ വിഭാഗീയതയുടെ ഭാഗമാണെന്ന ചിന്ത വെച്ചുപുലർത്തുന്നവരുണ്ട്. അവരെ അർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കാം. യാഥാർഥ്യ ബോധത്തോടെ പ്രശ്നപരിഹാരത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. എസ്.എസ്.എൽ.സി പരീക്ഷ ഫലം വന്നത് മുതൽ പതിവുപോലെ മലബാറിലെ ഹയർസെക്കന്ററി സീറ്റുകളുടെ കുറവ് ചർച്ചയാവുകയാണ്. ചരിത്രപരമായ കാരണങ്ങളാൽ തിരുവിതാംകൂറിനെ അപേക്ഷിച്ച് മലബാർ വികസന കാര്യങ്ങളിൽ പിന്നിലാണ് എന്ന വസ്തുത അംഗീകരിക്കുന്നവർ തന്നെ മലബാറിനെക്കുറിച്ച് പറയുമ്പോൾ മുഖം ചുളിക്കുന്നതെന്തിനെന്ന് വ്യക്തമല്ല. മലബാർ എന്നത് ഏതെങ്കിലും ഒരു വിഭാഗത്തിന് മൃഗീയ ഭൂരിപക്ഷം ഉള്ള ഇടവുമല്ല. എല്ലാ മത, ജാതി, രാഷ്ട്രീയ സംവിധാനങ്ങളും ഉള്ള ഇടം തന്നെയാണ്. അതുകൊണ്ട് തന്നെ മലബാറിന്റെ വികസനം എല്ലാവരുടെയും ആവശ്യമാണ്. നഷ്ടങ്ങളും നേട്ടങ്ങളും എല്ലാവരെയും ബാധിക്കുമെന്ന് സാരം.

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുട്ടികളെ അകലങ്ങളിലേക്ക് അയക്കുകന്നതിൽ രക്ഷിതാക്കൾക്ക് വിമുഖത കാണിക്കുന്നുണ്ട്. അത് കൂടി കണക്കിലെടുത്ത് മലബാർ മേഖലയിൽ നിന്നും ഉപരിപഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർഥികൾക്കും പഠന സൗകര്യം ഒരുക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. സർക്കാർ എയ്ഡഡ് മേഖലയിൽ നിരവധി സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കാവുന്നവയുണ്ട്. അവ കണ്ടെത്തി വൈകാതെതന്നെ സീറ്റുകൾ അനുവദിക്കണം. ഇതിലുണ്ടാകുന്ന കാലതാമസവും വീഴ്ചയുമൊക്കെ ഏതെങ്കിലും ഒരു പ്രദേശത്തോട് ചെയ്യുന്ന അനീതിയല്ല; മറിച്ച് നമ്മുടെ ഭാവി തലമുറയോട് ചെയ്യുന്ന അനീതിയാണെന്ന് ഭരണകൂടം മറക്കരുത്. ഏതൊരു നാടിന്റെയും പുരോഗതിയുടെ അളവുകോലുകളിൽ പ്രധാനപ്പെട്ടത് വിദ്യാഭ്യാസമാണ്. മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ നാടിന്റെ നല്ല ഭാവിയ്ക്ക് അനിവാര്യമാണ്. ഈ വസ്തുതകൾ മറക്കുന്നതാണ് വർഗീയ വിഷവിത്തുകൾ പ്ലസ്ടു സീറ്റ് വിഷയത്തിലും അധരവ്യായാമം നടത്താനുള്ള കാരണം. അജ്ഞതയും അന്ധകാരവുമാണ് അവരെ നയിക്കുന്നത്.

വാർഡ് മെമ്പർ മുതൽ മുഖ്യമന്ത്രിവരെയുള്ള ജനപ്രതിനിധികൾക്ക് ഈ വിഷത്തിൽ പലതും ചെയ്യാനുണ്ട്. തങ്ങളുടെ നാട്ടിൽ പ്ലസ്ടു പുതുതായി അനുവദിക്കാൻ സാധിക്കുന്ന വിദ്യാലയങ്ങൾ, അധിക ബാച്ചുകൾക്ക് സാഹചര്യമുള്ള വിദ്യാലയങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അത് അനുവദിച്ചു കിട്ടാനുള്ള പ്രവർത്തനങ്ങളും സമ്മർദങ്ങളും ജനപ്രതിനിധികളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. പ്രാദേശിക ഭരണകൂടങ്ങളും സംസ്ഥാന സർക്കാരും വിദ്യാഭ്യാസവകുപ്പും തങ്ങളുടെ കടമ നിർവഹിക്കാൻ തയ്യാറാവണം. സ്കൂൾ അധ്യാപകരും രക്ഷിതാക്കളും പിടിഎ കമ്മിറ്റികളും സർക്കാരിൽ സമ്മർദം ചെലുത്തി സീറ്റുകൾ അനുവദിച്ചുകിട്ടാനുള്ള നീക്കങ്ങൾ നടത്തണം. വിദ്യാർഥി സംഘടനകളും മത, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ബഹുജന പ്രസ്ഥാനങ്ങളും ഒക്കെ ഈ വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തണം. നാടിന്റെ ഭാവി തലമുറയ്ക്കുവേണ്ടി എന്ന നിലയിൽ അഭിപ്രായവ്യത്യാസങ്ങൾ മാറ്റിവെച്ച് ഒറ്റക്കെട്ടായ നീക്കങ്ങൾ വൈകാതെ നടത്തിയേ മതിയാവൂ. സാമൂഹ്യ മാധ്യമങ്ങൾക്ക് വലിയ സ്വാധീനമുള്ള ഇന്ന് അതിന്റെ സാധ്യതകളും പൊതുനന്മക്ക് ഉപയോഗപ്പെടുത്താൻ സാധിക്കണം. കേവലം പ്രസ്താവനകൾക്കപ്പുറം ക്രിയാത്മകമായ ഇടപെടലാണ് വേണ്ടതെന്ന് ചുരുക്കം.

പരീക്ഷാഫലം വന്ന് ആഴ്ചകൾ കഴിഞ്ഞു. അതുകൊണ്ട് തന്നെ അധിക ബാച്ചുകളും സ്കൂളുകളും അനുവദിക്കുന്നതിൽ കാലതാമസം വരുന്നത് വിദ്യാർഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കും. ബാച്ചുകൾ അനുവദിച്ചാൽതന്നെ അതിനാവശ്യമായ പഠന സൗകര്യങ്ങൾ, ക്ലാസ്സ്മുറികൾ, ലാബുകൾ, അധ്യാപക- അനധ്യാപക ജീവനക്കാർ എന്നിവ മറ്റൊരു കടമ്പയാണ്. അതിനെല്ലാം ചടുലമായ തീരുമാനങ്ങളും ഇടപെടലുകളും ഉണ്ടായാലേ നമ്മുടെ കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ദീഘവീക്ഷണമില്ലാത്ത ഭരണകൂടത്തിന്റെ വീഴ്ചകൂടിയാണ് ഇത്തരം പ്രതിസന്ധികൾക്ക് കാരണം. ഭാവിതലമുറയെ വഞ്ചിക്കുന്ന കൃത്യവിലോപങ്ങളിൽനിന്നും ഇനിയെങ്കിലും മാറാൻ ഭരണകൂടങ്ങൾ തയ്യാറാവണം; നമ്മുടെ മക്കളുടെ ഭാവിയെ സുരക്ഷിതമാക്കാൻ.

കവർ സ്റ്റോറി

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com



> ഗുരുതരമായ പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗം ആളുകൾ. അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ ശ്രമിക്കുന്നതിനും സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും പകരം കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിടുകയാണ് LGBT ആക്റ്റിവിസം. ട്രാൻസ്ജെൻഡറുകളെപറ്റിയും ആക്റ്റിവിസത്തെപറ്റിയും ഗൗരവകരമായ പുനർവിചിന്തനങ്ങൾ അത്യാവശ്യമാണ്

# LGBT ആക്റ്റിവിസം ജീവനെടുക്കുമ്പോൾ

ഇക്കഴിഞ്ഞ ജൂൺ മാസം ലോകമെമ്പാടും 'പ്രൈഡ് മന്ത്' ആയാണ് സ്വവർഗാനുരാഗ, ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റുകൾ ആചരിച്ചിരുന്നത്. തങ്ങൾ പ്രവർത്തിക്കുന്നത് മർദിതരായ ഒരുപറ്റം മനുഷ്യർക്ക് വേണ്ടിയാണെന്നും അവരെ അവരുടെ അസ്തിത്വത്തെ പറ്റി അഭിമാനമുള്ളവരാക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യം എന്നുമാണ് അവർ പറയുന്നത്. എ

ന്നാൽ ഒരു മാസം പിന്നിടുന്നതിന് മുമ്പേ തന്നെ നമ്മുടെ കൊച്ചുകേരളത്തിൽ ഒരു ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റും അവരുടെ പങ്കാളിയും ആത്മഹത്യ ചെയ്ത വേദനാജനകമായ വാർത്തയും നമുക്ക് വായിക്കേണ്ടി വന്നു.

അതിന്റെ കാരണമായി പറയപ്പെടുന്ന ലിംഗമാറ്റ ശസ്ത്രക്രിയയും അതിൽ പറ്റിയ അബദ്ധവും ആശുപത്രി അധികൃതരുടെ അനാസ്ഥയുമെല്ലാം ഇനിയും ചർച്ച ചെയ്യപ്പെടേണ്ട, വ്യക്തത വരുത്തേണ്ട വിഷയങ്ങളാണ്. എന്നാൽ ഈ സംഭവവും സമാന സംഭവങ്ങളും ട്രാൻസ്ജെൻഡറുകളെ കുറിച്ചും LGBTQ ആക്റ്റീവിസത്തെ പറ്റിയുമുള്ള ഗൗരവകരമായ ചില ആലോചനകൾക്ക് വഴിതെളിക്കേണ്ടതുണ്ട്.

## ആരാണ് ട്രാൻസ്ജെൻഡറുകൾ?

ആണ്, പെണ്ണ് എന്നിങ്ങനെ രണ്ട് ജെൻഡറുകളാണ് ഉള്ളത് എന്നാണ് പൊതുവെ ജനം മനസ്സിലാക്കിയിട്ടുള്ളത്. ആണിന്റെയും പെണ്ണിന്റെയും ശരീരവും മനസ്സും സംസാരവും ചിന്തകളും ആഭിമുഖ്യങ്ങളും താൽപര്യങ്ങളുമെല്ലാം വ്യത്യസ്തമാണ്. അതിനെല്ലാം പിന്നിലുള്ള കാരണങ്ങൾ നാം ശാസ്ത്രീയമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ആണ് എന്തുകൊണ്ട് ആണത്വം കാണിക്കുന്നു എന്നും പെണ്ണ് എന്തുകൊണ്ട് സ്ത്രീത്വം പ്രകടിപ്പിക്കുന്നു എന്നും ഇപ്പോൾ ലഭ്യമായ ശാസ്ത്രീയ വിജ്ഞാനങ്ങൾ കൊണ്ട്തന്നെ നമുക്ക് വിശദീകരിക്കാനാകും.

പൊതുവിൽ ആണിന്റെ ശരീരത്തോടെ ജീവിക്കുന്ന ഒരാളുടെ മനസ്സും ആണിന്റേത് തന്നെയായിരിക്കും, പെണ്ണിന്റേതും തഥൈവ. ഇവിടെയാണ് ട്രാൻസ്ജെൻഡറുകൾ വ്യത്യാസം അവകാശപ്പെടുന്നത്. അവരുടെ തന്നെ വാദപ്രകാരം ശാരീരികമായി പൂർണമായി പുരുഷൻ ആയിരിക്കുമ്പോഴും ഒരു പെണ്ണിന്റെ മനസ്സ് പേറി നടക്കേണ്ടി വരുന്ന (തിരിച്ചും) അവസ്ഥയെയാണ് ട്രാൻസ്ജെൻഡർ എന്ന് പറയുന്നത്. ശാരീരികമായി നോക്കുകയാണെങ്കിൽ അവരുടെ ശരീരത്തിനോ ലൈംഗിക അവയവങ്ങൾക്കോ യാതൊരു വ്യത്യാസവുമുണ്ടാവുകയുമില്ല, പക്ഷേ, അവരുടെ മനസ്സ് എതിർലിംഗത്തിന്റേതായിരിക്കും. ശരീരം ആണിന്റേതായിരിക്കുമ്പോഴും താനൊരു ആണാണെന്ന് അംഗീകരിക്കാൻ അവർക്കാവില്ല.

നമ്മുടെ സമൂഹത്തിൽ ട്രാൻസ്ജെൻഡറുകൾ എന്ന് പറയുമ്പോൾ, അവർ രണ്ട് ലൈംഗിക അവയവങ്ങൾ ഉള്ളവരാണെന്നും ലൈംഗിക അവയവങ്ങളിൽ എന്തെങ്കിലും ദൗർബല്യം ഉള്ളവരാണെന്നുമുള്ള ഒരു തെറ്റുധാരണ നിലനിൽക്കുന്നുണ്ട്. അത്തരം അവസ്ഥകൾ ഉള്ളവരെ ആധുനിക സാങ്കേതിക പദാവലി പ്രകാരം 'ഇന്റർസെക്സ്' എന്നാണ് വിളിക്കുന്നത്. അത് വേറെ തന്നെ വിശദമായി ചർച്ച ചെയ്യേണ്ടുന്ന വിഷയവുമാണ്.

## എന്തുകൊണ്ടിങ്ങനെ?

ഒരു പുരുഷശരീരത്തിൽ സ്ത്രീയുടെ മനസ്സോടെയും സ്ത്രീയുടെ ശരീരത്തിൽ പുരുഷന്റെ മനസ്സോടെയും ജീവിക്കേണ്ടി വരുന്ന ഈ അവസ്ഥ എന്തുകൊണ്ട് എന്നത് ഇന്നും പഠനങ്ങൾ നടക്കുന്ന ഒരു വിഷയമാണ്. 'മനസ്സ്' എന്നതുതന്നെ ശാസ്ത്രത്തിനും പഠനങ്ങൾക്കും പിടിതരാത്ത ഒരു പ്രഹേളികയായി തുടരുന്ന അവസ്ഥയിൽ പൂർണമായ ഒരു തീർച്ചയിലെത്തൽ അസാധ്യമാണ്.

ആൺകുട്ടിയായി ജനിച്ച ഒരു കുട്ടിയെ പെൺകുട്ടിയെ പോലെ വളർത്തുന്നതോ, അങ്ങനെ വസ്ത്രധാരണം

> **ശരീരം ഒരുലിംഗവും മനസ്സ് എതിർലിംഗവുമാകുന്ന ഈ അവസ്ഥയെ 'ജെൻഡർ ഡിസ്ഫോറിയ' എന്നായിരുന്നു ശാസ്ത്രലോകം വിശേഷിപ്പിച്ചിരുന്നത്. മാനസിക വൈകല്യങ്ങളുടെ പട്ടികയായ ഡി.എസ്.എമ്മിൽ ഇടംപിടിച്ച ഒരു കാര്യവും കൂടിയായിരുന്നു ഈ അവസ്ഥ. മാത്രവുമല്ല, റാപ്പിഡ് ഓൺസെറ്റ്, ഓട്ടോജിനിഫിലിക്, ചൈൽഡ്ഹുഡ് ഓൺസെറ്റ് ജെൻഡർ ഡിസ്ഫോറിയ എന്നിങ്ങനെ മൂന്നായി ഈ അവസ്ഥയെ തിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതിനെ വൈകല്യം എന്ന് വിശേഷിപ്പിക്കുന്നത് ഇത്തരം അവസ്ഥകൾ അനുഭവിക്കുന്നവരോടുള്ള വിവേചനമാണെന്നും അത് അവരുടെ സ്വത്വമായി, സ്വാഭാവികമായി പരിഗണിച്ച് അവരെ ട്രാൻസ്ജെൻഡറുകൾ എന്ന് വിശേഷിപ്പിക്കണം എന്നുമുള്ള LGBTQ ആക്റ്റിവിസ്റ്റ് വാദങ്ങൾ പിന്നീട് ശക്തിപ്പെട്ടു. അതോടെ പ്രസ്തുത പട്ടികയിൽനിന്ന് അത് നീക്കംചെയ്യപ്പെടുകയാണുണ്ടായത്.**

> **തങ്ങളുടെ ലിബറൽവാദങ്ങളും ലൈംഗികതയെപ്പറ്റിയുള്ള കുത്തഴിഞ്ഞ സങ്കൽപങ്ങളുമെല്ലാം നടപ്പിലാക്കാനാണ് LGBTQ ആക്റ്റിവിസ്റ്റുകൾ ശ്രമിക്കുന്നത്. അതിനുവേണ്ടി പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന പ്രതീതിയുണ്ടാക്കുകയും തങ്ങൾക്കെതിരെ സംസാരിക്കുന്നവരെല്ലാം മനുഷ്യാവകാശങ്ങൾക്ക് എതിരുനിൽക്കുന്നവരാണെന്ന് വരുത്തിത്തീർക്കുകയുമാണ് അവർ ചെയ്യുന്നത്. എന്നാൽ യഥാർഥത്തിൽ ആക്റ്റിവിസ്റ്റുകളാണ് ഈ മനുഷ്യരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നത് എന്നതാണ് യാഥാർഥ്യം.**

ചെയ്യുന്നതോ ഇത്തരമൊരു അവസ്ഥയിലേക്ക് നയിക്കും എന്ന വാദം ശക്തമാണ്. ഒരു മനുഷ്യന്റെ വ്യക്തിത്വം പൂർണതയിലെത്തുന്നത് നാൽപത് വയസ്സോടെ മാത്രമാണെന്ന് ആധുനിക വൈദ്യശാസ്ത്രം പറയുമ്പോൾ, അതിന് മുമ്പുള്ള, പ്രത്യേകിച്ചും ചെറുപ്പത്തിലുള്ള സാഹചര്യങ്ങളും അനുഭവങ്ങളും ശിക്ഷണവുമെല്ലാം ഒരാളുടെ മനസ്സിനെ സാരമായ രീതിയിൽ ബാധിക്കും എന്നതിൽ തർക്കമില്ല. ഇതോടൊപ്പം തന്നെ ചെറുപ്പത്തിൽ കുട്ടികൾക്ക് നേരിടേണ്ടിവരുന്ന ലൈംഗിക അതിക്രമങ്ങളും അശ്ലീല ചിത്രങ്ങളുമെല്ലാം ഇത്തരമൊരു അവസ്ഥയിലേക്ക് എത്തിക്കാൻ സാധ്യതയുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. ജെൻഡർ എന്നത് ഒരു സാമൂഹിക നിർമിതിയാണെന്ന ആധുനിക പുരോഗമനവാദക്കാരുടെ വാദപ്രകാരവും ഇത്തരം സാമൂഹികമായ കാരണങ്ങൾകൊണ്ട് ഈ അവസ്ഥകൾ സാധ്യമാണ് എന്ന കാര്യത്തിനാണ് കൂടുതൽ സാധുത.

ഇതോടൊപ്പം തന്നെ ഗർഭസ്ഥശിശു ആൺകുട്ടിയാണെങ്കിൽ ഉത്പാദിപ്പിക്കപ്പെടുന്ന ടെസ്റ്റോസ്റ്റിറൊൺ എന്ന ഹോർമോൺ കുട്ടിയുടെ തലച്ചോറിനെ തികച്ചും ഒരു ആണിന്റെ തലച്ചോറാക്കി മാറ്റുമെന്നും, ആ ഉത്പാദനം കൃത്യമായി നടന്നില്ലെങ്കിൽ ആ കുട്ടിയുടെ തലച്ചോർ ഒരു പെണ്ണിന്റെ തലച്ചോറിനോട് കുറച്ച് സാമ്യതകൾ കാണിക്കുമെന്നും കുട്ടിക്ക് സ്ത്രീത്വം കാണപ്പെടുമെന്നുമുള്ള വാദങ്ങളും നമുക്ക് കാണാൻ സാധിക്കും.

ഇതിൽ ഏതെങ്കിലും ഒന്ന് മാത്രമാണ് കാരണമെന്നോ മറ്റുള്ളവ പൂർണമായി തള്ളിക്കളയണമെന്നോ നമുക്ക് പറയാനാകില്ല. ജൈവശാസ്ത്രപരമായ മേൽപറഞ്ഞ പ്രശ്നങ്ങൾ മുതൽ ചെറുപ്പത്തിലെ അനുഭവങ്ങളും പീഡനങ്ങളും സാമൂഹിക കാരണങ്ങളുമെല്ലാം ഇതിൽ ഏറിയും കുറഞ്ഞും കാരണമായേക്കാം.

എന്നാൽ ഇതിലേറ്റവും വലിയ പ്രഹേളികയായി നിലനിൽക്കുന്നത് ആരെയാണ്, എന്തിന്റെ അടിസ്ഥാനത്തിലാണ് നാം ട്രാൻസ്ജെൻഡറുകളായി മനസ്സിലാക്കേണ്ടത് എന്നതാണ്. ശാരീരികമായി ഒരു വ്യത്യാസവും ഇല്ലെന്നിരിക്കെ ഒരു വ്യക്തിയുടെ മനസ്സിലെ തോന്നൽ മാത്രമാണ് ഇതിന്റെ അടിസ്ഥാനം. മനസ്സ് വായിക്കാനോ എത്രത്തോളം ഗൗരവകരമാണ് വിഷയമെന്ന് നിശ്ചയിക്കാനോ നമ്മുടെ കയ്യിൽ യാതൊന്നുമില്ലെന്നിരിക്കെ ഒരു വ്യക്തി സ്വയം സാക്ഷ്യപ്പെടുത്തുക എന്നത് മാത്രമാണ് നമുക്ക് അവലംബിക്കാൻ സാധിക്കുന്ന കാര്യം. വളരെ നിഷ്കപടമായി കാര്യങ്ങൾ പറയുന്ന ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരും എന്നാൽ ചെറിയൊരു തോന്നലിന്റെ അടിസ്ഥാനത്തിൽ മാത്രം താൻ എതിർ ലിംഗമാണെന്ന് കരുതുന്നവരും അതേപോലെതന്നെ വ്യാജന്മാരും നിറഞ്ഞാടുന്ന അവസ്ഥയിൽ എങ്ങനെ നാം വേർതിരിക്കും എന്നത് വലിയൊരു പ്രശ്നമാണ്. നാം നിത്യജീവിതത്തിൽ കാണുന്ന പല പുരുഷന്മാർക്കും അവരുടെ സംസാരത്തിലോ നടത്തത്തിലോ ഒക്കെ ചെറിയ അളവിൽ സ്ത്രീത്വം പ്രകടമാകാറുണ്ട്. പൗരുഷം കൂടുതലുള്ള സ്ത്രീകളുമുണ്ട്. ഇവരെയെല്ലാവരെയും ട്രാൻസ്ജെൻഡറുകൾ ആയി വിധിപറഞ്ഞാൽ എന്തായിരിക്കും അവസ്ഥ?!

### ഇതൊരു വൈകല്യമാണോ?

ശരീരം ഒരുലിംഗവും മനസ്സ് എതിർലിംഗവുമാകുന്ന ഈ അവസ്ഥയെ 'ജെൻഡർ ഡിസ്ഫോറിയ' എന്നായിരുന്നു ശാസ്ത്രലോകം വിശേഷിപ്പിച്ചിരുന്നത്. മാനസിക വൈകല്യങ്ങളുടെ പട്ടികയായ ഡി.എസ്.എമ്മിൽ ഇടംപിടിച്ച ഒരു കാര്യവും കൂടിയായിരുന്നു ഈ അവസ്ഥ. മാത്രവുമല്ല, റാപ്പിഡ് ഓൺസെറ്റ്, ഓട്ടോജിനിഫിലിക്, ചൈൽഡ്ഹുഡ ഓൺസെറ്റ് ജെൻഡർ ഡിസ്ഫോറിയ എന്നിങ്ങനെ മൂന്നായി ഈ അവസ്ഥയെ തിരിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇതിനെ വൈകല്യം എന്ന് വിശേഷിപ്പിക്കുന്നത് ഇത്തരം അവസ്ഥകൾ അനുഭവിക്കുന്നവരോടുള്ള വിവേചനമാണെന്നും അത് അവരുടെ സ്വത്വമായി, സ്വാഭാവികമായി പരിഗണിച്ച് അവരെ ട്രാൻസ്ജെൻഡറുകൾ എന്ന് വിശേഷിപ്പിക്കണം എന്നുമുള്ള LGBTQ ആക്റ്റിവിസ്റ്റ് വാദങ്ങൾ പിന്നീട് ശക്തിപ്പെട്ടു. അതോടെ പ്രസ്തുത പട്ടികയിൽനിന്ന് അത് നീക്കംചെയ്യപ്പെടുകയാണുണ്ടായത്.

ഏതൊരു പ്രശ്നത്തെയും പ്രശ്നമായി അംഗീകരിക്കലാണ് പരിഹാരത്തിലേക്കുള്ള ആദ്യപടി. എന്നാലിവിടെ ഈ അവസ്ഥയെ വൈകല്യമെന്നോ പ്രശ്നമെന്നോ വിശേഷിപ്പിക്കാൻപോലും പാടില്ലെന്ന തിട്ടൂരമിറക്കുന്നതോടെ ഇത്തരക്കാർക്കുള്ള പരിഹാരത്തിലേക്കുള്ള വാതിൽകൂടിയാണ് അടയ്ക്കുന്നത്. ആ നിലയ്ക്ക് ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരോട് ഏറ്റവും ക്രൂരത ചെയ്യുന്നത് ഇത്തരം ആക്റ്റിവിസ്റ്റുകളാണ്. എത്ര ശ്രമിച്ചാലും മാറ്റിയെടുക്കാൻ പ്രയാസമുള്ളവർ മുതൽ ചെറിയൊരു കൗൺസിലിംഗ് കൊണ്ടുതന്നെ സാധാരണ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കുന്നവർവരെ ഉണ്ടെന്നിരിക്കെ പരിഹാരത്തിനുള്ള വാതിലുകൾ കൊട്ടിയടക്കുന്നത് എന്തുമാത്രം ക്രൂരതയാണ്!

### ശാസ്ത്രപഠനങ്ങൾ തടയുന്ന ആക്റ്റിവിസം!

ഏതൊരു പ്രശ്നത്തെപ്പറ്റിയും കൂടുതൽ പഠിക്കുമ്പോഴാണ് നമുക്ക് അതിന്റെ പരിഹാരത്തിനുള്ള വാതിലുകൾ തുറക്കപ്പെടുന്നത്. വൈദ്യശാസ്ത്ര രംഗത്ത് ഇത് കൂടുതൽ പ്രസക്തമാണ്. അതുകൊണ്ട്തന്നെ ഈ വിഷയത്തിലും എല്ലാരീതിയിലുമുള്ള പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുകയാണ് ആത്മാർഥമായി പരിഹാരം ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത്.



എന്നാൽ ലോകത്തെമ്പാടുമുള്ള LGBTQ ആക്റ്റിവിസ്റ്റുകൾ ചെയ്യുന്നതാകട്ടെ ഈ വിഷയത്തിലുള്ള പഠനങ്ങൾ പരമാവധി തടയുക എന്നതാണ്. ട്രാൻസ്ജെൻഡറുകളെക്കുറിച്ചും അതിന്റെ കാരണങ്ങളെ പറ്റിയും അവരുടെ തലച്ചോറിനെപ്പറ്റിയുമെല്ലാം കൂടുതൽ പഠിച്ചാൽ ഒരുപക്ഷേ നമുക്ക് കൂടുതൽ കാര്യങ്ങൾ ബോധ്യപ്പെട്ടേക്കാം. എന്നാൽ LGBT ആക്റ്റിവിസം പറയുന്നത് അവരെക്കുറിച്ച് പഠിക്കുന്നതും അതിനുള്ള പരിഹാരങ്ങൾ തേടുന്നതും അവരെ 'വൈകല്യമുള്ളവരാക്കി' ചിത്രീകരിക്കൽ ആണെന്നും അതുകൊണ്ട് തന്നെ സാധാരണ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള സാധ്യതകൾ തേടിയുള്ള പഠനങ്ങളോ ഗവേഷണങ്ങളോ അനുവദിക്കരുത് എന്നുമാണ്.

അതിന്റെ ഭാഗമായി ലോകത്ത് ന്യൂറോളജിയും സെക്സോളജിയിലുമെല്ലാം നടക്കുന്ന അനവധി ഗവേഷണങ്ങൾ അവർ തടയുകയും അതിന്റെ ഫണ്ടിങ് നിർത്തലാക്കിപ്പിക്കുകയും ചെയ്തു. പ്രമുഖ ന്യൂറോസയന്റിസ്റ്റ് ആയ ഡോ. ഡെബ്ര സോഹ് ഇവരുടെ ശല്യം സഹിക്കവയ്യാതെ പഠനവും ഗവേഷണങ്ങളും അവസാനിപ്പിക്കുകയും 'എൻഡ് ഓഫ് ജെൻഡർ' എന്ന പുസ്തകമെഴുതി ഇവരുടെ ശാസ്ത്ര വിരുദ്ധതയെ ചോദ്യംചെയ്ത് രംഗത്തുവരികയും ചെയ്തിരുന്നു. മാത്രമല്ല ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൗൺസിലിംഗുകളും ചികിത്സകളും നിയമവിരുദ്ധമാക്കാനുള്ള ചരടുവലികളും ശക്തമാണ്.

ചുരുക്കിപ്പറഞ്ഞാൽ ഇവരുടെ സങ്കൽപങ്ങൾക്കും തിയറികൾക്കുമപ്പുറം ആരും ഈ വിഷയത്തിൽ പഠിക്കാനോ പറയാനോ പോലും പാടില്ലെന്ന സമീപനത്തിലൂടെ പരിഹാരത്തിനുള്ള എല്ലാ വാതിലുകളും കൊട്ടിയടക്കുകയാണ് ചെയ്യുന്നത്!

### ലിംഗമാറ്റ ശസ്ത്രക്രിയ എന്ന പരിഹാരം?

സ്വന്തം ലിംഗത്തിലേക്ക് തിരിച്ചുവരാനുള്ള സാധ്യതകൾ ഇല്ലാതാക്കി, അതിന് സഹായിക്കുന്ന കൗൺസിലിംഗുകൾ പോലും തടഞ്ഞ് LGBTQ ആക്റ്റിവിസ്റ്റുകൾ മുന്നോട്ടുവെക്കുന്ന പ്രധാനപ്പെട്ട പരിഹാരം ലിംഗമാറ്റ ശസ്ത്രക്രിയയാണ്. ആണിന്റെ ശരീരത്തിൽ 'അകപ്പെട്ട' പെണ്ണിനെ മോചിപ്പിക്കാൻ ആ ശരീരം മുഴുവൻ അഴിച്ചുപണി നടത്തി സ്ത്രീശരീരമാക്കുക എന്നതാണ് അവർ കാണുന്ന ഒരു പരിഹാരം.

എന്നാൽ ആണും പെണ്ണും തമ്മിൽ ലൈംഗിക അവയവങ്ങൾ തമ്മിൽ മാത്രമല്ല വ്യത്യാസമുള്ളത്. അക്ഷരാർഥത്തിൽ ആണിന്റെ ഓരോ കോശവും ആണിന്റെതാണ്, പെണ്ണിന്റെ ഓരോ കോശവും പെണ്ണിന്റെതാണ് എന്നതാണ് വസ്തുത. രണ്ട് ലിംഗത്തിൽ ഉള്ളവരിലും ഉത്പാദിപ്പിക്കപ്പെടുന്ന ഹോർമോണുകളുടെ അളവുകൾ വ്യത്യസ്തമായതുകൊണ്ട് കേവലം ലൈംഗിക അവയവങ്ങളോ ഗർഭപാത്രവും സ്തനവുമോ മാറ്റിവെച്ചതുകൊണ്ട് അവസാനിക്കുന്നതല്ല ഈ സർജറികൾ. ശരീരം മൊത്തത്തിൽതന്നെ അഴിച്ചുപണിയാൻ ഒന്നിന് ശേഷം മറ്റൊന്ന് എന്ന രീതിയിൽ ഒരുപാട് സർജറികളും അതിനുശേഷം ജീവിതകാലം മുഴുവനായി ഹോർമോൺ കുത്തിവെപ്പുകളുമൊക്കെ വേണ്ടിവരും എന്നതാണ് യാഥാർഥ്യം.

എന്നിട്ട് പോലും അവർക്ക് ജീവിതാവസാനം വരെ വേദനയും പ്രയാസവുമായി ജീവിക്കേണ്ടിവരുന്നു എന്നതാണ് ഏറെ ദൗർഭാഗ്യകരമായ വസ്തുത. അതുകൊണ്ട് കൂടിയാണ് ഇത്തരത്തിൽ സർജറികൾ ചെയ്ത വലിയൊരു വിഭാഗം ആളുകൾ തങ്ങൾ ചെയ്ത കാര്യത്തിൽ പശ്ചാതപിക്കുകയും തങ്ങളുടെ യഥാർഥ ലിംഗത്തിലേക്ക് തിരിച്ചുപോകണം എന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നത്.

വാൾട്ട് ഹയർ എന്ന ലോകപ്രശസ്ത എഴുത്തുകാരൻ ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയനായി സ്ത്രീയാവുകയും എട്ടു വർഷങ്ങൾക്ക് ശേഷം തിരിച്ച് പുരുഷനായി ഡീട്രാൻസിഷൻ സർജറി ചെയ്യുകയും ചെയ്ത ട്രാൻസ്ജെൻഡർ വ്യക്തിയാണ്. അദ്ദേഹമാണ് ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്തവരുടെ നീറുന്ന അനുഭവങ്ങൾ പുറത്തുകൊണ്ടുവന്നത്. ഇത്തരം സർജറികൾ ചെയ്ത് പശ്ചാത്തപിക്കുന്നവരുടെ അനുഭവങ്ങൾ മാത്രം ഉൾപെടുത്തിക്കൊണ്ട് www.sexchangeregret.com എന്ന ഒരു വെബ്സൈറ്റ് തന്നെ ഇന്ന് നമുക്ക് ലഭ്യമാണ്.

ഇവിടെയാണ് സ്വന്തം ലിംഗത്തിൽതന്നെ ജീവിക്കാനും അതിലേക്ക് മടങ്ങാനുമുള്ള സാധ്യതകളെ കൊട്ടിയടച്ച് ഈ ആക്റ്റീവിസ്റ്റുകൾ മുന്നോട്ടുവെക്കുന്ന ഈ പരിഹാരം എത്ര ഭീകരമാണ് എന്നത് നാം തിരിച്ചറിയേണ്ടത്. ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരെക്കൊണ്ട് തന്നെ ഈ സർജറികളാണ് നിങ്ങൾക്കുള്ള പരിഹാരം എന്ന് വിശ്വസിപ്പിക്കുകയും മറിച്ചുള്ള പരിഹാരം അവതരിപ്പിക്കുന്നവരെ ശത്രുക്കളായി ചിത്രീകരിക്കുകയുമാണ് ഇവർ ചെയ്യുന്നത്.

### ഇരകൾക്കെതിരെയല്ല, വേട്ടക്കാർക്കെതിരെ

തങ്ങളുടെ ലിബറൽവാദങ്ങളും ലൈംഗികതയെപ്പറ്റിയുള്ള കുത്തഴിഞ്ഞ സങ്കൽപങ്ങളുമെല്ലാം നടപ്പിലാക്കാനാണ് LGBTQ ആക്റ്റിവിസ്റ്റുകൾ ശ്രമിക്കുന്നത്. അതിനുവേണ്ടി പ്രയാസങ്ങൾ അനു



ഭവിക്കുന്നവർക്ക് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന പ്രതീതിയുണ്ടാക്കുകയും തങ്ങൾക്കെതിരെ സംസാരിക്കുന്നവരെല്ലാം മനുഷ്യാവകാശങ്ങൾക്ക് എതിരുനിൽക്കുന്നവരാണെന്ന് വരുത്തിത്തീർക്കുകയുമാണ് അവർ ചെയ്യുന്നത്. എന്നാൽ യഥാർഥത്തിൽ ആക്റ്റിവിസ്റ്റുകളാണ് ഈ മനുഷ്യരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നത് എന്നതാണ് യാഥാർഥ്യം.

അവിടെയാണ് നാം ശബ്ദിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ഈ റാഡിക്കൽ ലെഫ്റ്റ് സിദ്ധാന്തങ്ങൾ പേറി അരാജകത്വം സ്വപ്നം കാണുന്ന ആക്റ്റിവിസ്റ്റുകൾക്കെതിരിലാണെന്നതും അല്ലാതെ പ്രയാസം അനുഭവിക്കുന്ന ഇരകൾക്കെതിരെയല്ല എന്നതും പ്രസക്തമാകുന്നത്. അപൂർവമെങ്കിലും ചിലരെങ്കിലും ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരായി നമ്മുടെ ചുറ്റിലുമുണ്ട്. അവരെ അനുഭാവപൂർവം കാണാനും അവരെ ഈ ആക്റ്റിവിസ്റ്റുകളുടെ കെണിയിൽ പെടാതെ സംരക്ഷിക്കാനും പരിഗണിക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്.

ഇസ്‌ലാമിക വീക്ഷണത്തിൽ ഒരാൾക്ക് മാനസികമായി ഇത്തരം പ്രയാസങ്ങൾ ഉണ്ടാകുന്നു എന്നത് അവരെ കുറ്റക്കാരോ അവഗണിക്കേണ്ടവരോ ആക്കുന്നില്ല. അവരുടെ പ്രശ്നങ്ങൾ ഒരു മാനസിക പ്രശ്നമായി തിരിച്ചറിയാനും ആ നിലയ്ക്ക് തന്നെ ഏറ്റവും നന്നായി അവരോട് പെരുമാറുവാനും അവരെ സാധാരണ രീതിയിലേക്ക് തിരിച്ചുകൊണ്ടുവരാനുമാണ് നാം ശ്രമിക്കേണ്ടത്. ക്രോസ് ഡ്രസ്സിംഗ് ചെയ്തു കൊണ്ടോ സൗന്ദര്യവർധക വസ്തുക്കളും ആഭരണങ്ങളും ഉപയോഗിച്ചുകൊണ്ടോ അത്തരം സ്വത്വസങ്കൽപത്തെ കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിനെ ഇസ്‌ലാം അനുവദിക്കുന്നില്ല.

മുസ്‌ലിം സമുദായത്തിലടക്കം ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരോട് നിരുത്തരവാദപരമായ സമീപനങ്ങൾ വെച്ചുപുലർത്തുന്നത് കാണപ്പെടുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ പ്രകടിപ്പിച്ചുതുടങ്ങുമ്പോഴേക്ക് അവരെ മർദിച്ചും അനാവശ്യപേരുകൾ വിളിച്ചും ഒറ്റപ്പെടുത്തിയും പ്രയാസത്തിന്റെ കയങ്ങളിലേക്ക് തള്ളിവിടുന്ന അവസ്ഥ ദയനീയമാണ്. അങ്ങനെയുണ്ടാകുമ്പോഴാണ് ഇവർ വീടും കുടുംബവും വിട്ടിറങ്ങുന്നതും ആക്റ്റിവിസ്റ്റുകളുടെയും സെക്സ് മാഫിയകളുടെയും കെണിയിൽ അകപ്പെട്ട് ജീവിതം തന്നെ തുലയ്ക്കുന്നതും. അതിനുപകരം അവരോട് അവരുടെ പ്രയാസങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നല്ല നിലയിൽ പെരുമാറുകയും ഇത് ഒരു പരീക്ഷണമാണെന്ന് അവരെ ബോധ്യപ്പെടുത്തി ക്ഷമിക്കാനും അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കാനും പ്രേരിപ്പിക്കുകയുമാണ് വേണ്ടത്.

"മുസ്‌ലിം സമുദായത്തിലടക്കം ഇത്തരം പ്രയാസങ്ങൾ അനുഭവിക്കുന്നവരോട് നിരുത്തരവാദപരമായ സമീപനങ്ങൾ വെച്ചുപുലർത്തുന്നത് കാണപ്പെടുന്നുണ്ട്. എന്തെങ്കിലും പ്രശ്നങ്ങൾ പ്രകടിപ്പിച്ചുതുടങ്ങുമ്പോഴേക്ക് അവരെ മർദിച്ചും അനാവശ്യപേരുകൾ വിളിച്ചും ഒറ്റപ്പെടുത്തിയും പ്രയാസത്തിന്റെ കയങ്ങളിലേക്ക് തള്ളിവിടുന്ന അവസ്ഥ ദയനീയമാണ്. അങ്ങനെയുണ്ടാകുമ്പോഴാണ് ഇവർ വീടും കുടുംബവും വിട്ടിറങ്ങുന്നതും ആക്റ്റിവിസ്റ്റുകളുടെയും സെക്സ് മാഫിയകളുടെയും കെണിയിൽ അകപ്പെട്ട് ജീവിതം തന്നെ തുലയ്ക്കുന്നതും. അതിനു പകരം അവരോട് അവരുടെ പ്രയാസങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നല്ല നിലയിൽ പെരുമാറുകയും ഇത് ഒരു പരീക്ഷണമാണെന്ന് അവരെ ബോധ്യപ്പെടുത്തി ക്ഷമിക്കാനും അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കാനും പ്രേരിപ്പിക്കുകയുമാണ് വേണ്ടത്."

സോഷ്യൽ മീഡിയയിലൂടെയും സിനിമകളിലൂടെയുമെല്ലാം വളരെ പ്രതിലോമകരമായ ആശയങ്ങൾ നിരന്തരം പ്രസരിപ്പിക്കുന്നത് കൊണ്ടുതന്നെ നമുക്ക് ചുറ്റിലും നമ്മുടെ കുടുംബങ്ങളിലും ഇത്തരം അവസ്ഥകൾ ഉണ്ടാകുമ്പോൾ വളരെ അവധാനതയോടെ നാമത് കൈകാര്യം ചെയ്യേണ്ടതുണ്ട്. വേദനയനുഭവിക്കുന്നവർക്ക് വേണ്ടിയെന്ന പേരിൽ അവർ അവരുടെ അജണ്ടകൾ നടപ്പിലാക്കുകയാണെന്നും അത് തിരിച്ചറിഞ്ഞില്ലെങ്കിൽ വലിയ കെണിയിലായിരിക്കും അകപ്പെടുന്നത് എന്നും സമൂഹത്തോട് ഉറക്കെയുറക്കെ നാം പറഞ്ഞുകൊണ്ടേയിരിക്കണം.

ഏറ്റവും അവസാനം ജീവൻ വെടിഞ്ഞ വ്യക്തിയടക്കം ഇവർ മുന്നോട്ടുവെക്കുന്ന വ്യാജ പരിഹാര സിദ്ധാന്തത്തിന്റെ ഇരയാണെന്നും ഇനിയുമൊരു ജീവൻ പൊലിഞ്ഞുകൂടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

പ്രൊഫ: ടി. അബ്ദുല്ല സാഹിബ്
mail@nerpatham.com

പുനർവായന



# മുസ്‌ലിംകളും കുടുംബജീവിതവും

**(1971 മെയ് ലക്കം സൽസബീലിൽ പ്രസിദ്ധീകരിച്ചത്)**

മതനിഷേധികൾ കുടുംബജീവിതം എല്ലാ ചൂഷണങ്ങളുടെയും നിദാനമായി കണക്കാക്കിപ്പോരുന്നു വെങ്കിൽ ഇസ്‌ലാം നന്മയുടെയും തിന്മയുടെയും നിദാനം കുടുംബ ജീവിതമാണെന്നും അതിനാൽ നന്മയിലേക്ക് നയിക്കുന്ന വിധമാവണം കുടുംബജീവിതമെന്നും ശാസിക്കുന്നു. സ്ത്രീയും പുരുഷനും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന്നു മുമ്പുതന്നെ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നും അല്ലാതിരുന്നാൽ വമ്പിച്ച നാശം വന്നുകൂടാനിടയുണ്ടെന്നും മതം നമ്മെ പഠിപ്പിക്കുന്നു.

തിർമിദി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു നബിവചനത്തിൽ ഇപ്രകാരം കാണുന്നു: "നിങ്ങളുടെ അടുക്കൽ വിവാഹാഭ്യർഥനയുമായി വരുന്ന ആളുടെ മതവും സ്വഭാവവും നിങ്ങൾക്ക് തൃപ്തികരമായാൽ അയാൾക്ക് വിവാഹം കഴിച്ചുകൊടുക്കുക. അങ്ങിനെ നിങ്ങൾ ചെയ്യാത്തപക്ഷം ഭൂമിയിൽ ഫിത്‌നയും വലിയ നാശവുമുണ്ടാകും."

മറ്റൊരു അവസരത്തിൽ നബിﷺ ഇപ്രകാരം പറയുകയുണ്ടായി: "സ്ത്രീ നാല് കാര്യങ്ങൾക്ക് വേണ്ടിയാണ് വിവാഹം ചെയ്യപ്പെടാറുള്ളത്. അവളുടെ ധനത്തിനുവേണ്ടി, തറവാടിനുവേണ്ടി, സൗന്ദര്യത്തിനുവേണ്ടി, അവളുടെ മതനിഷ്ഠക്ക് വേണ്ടി. നീ മതനഷ്ഠയുള്ളവളെ വിവാഹം ചെയ്ത് സൗഭാഗ്യവാനാകൂ. ഇല്ലെങ്കിൽ നിന്റെ കൈ മണ്ണിലൊട്ടും."

മേലുദ്ധരിച്ച രണ്ട് ഹദീഥുകളിൽനിന്നും വ്യക്തമാകുന്നത് വിവാഹക്കാര്യത്തിൽ നാം മതനിഷ്ഠ

യ്ക്കും സ്വഭാവത്തിനുമാണ് പ്രാധാന്യം നൽകേണ്ടതെന്നാണ്. പക്ഷേ, ഇന്നാകട്ടെ ഇവ രണ്ടിനെക്കുറിച്ചും ഗൗനിക്കുന്നവർ വളരെ വിരളമാണ്. പണം, പിന്നെ സൗന്ദര്യം. ഇവയ്ക്കല്ലാതെ ഇന്നു പ്രാധാന്യം നൽകിക്കാണുന്നില്ല. പ്രത്യേകിച്ചും വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്കിടയിൽ. പഴമക്കാരെ സംബന്ധിച്ചിടത്തോളം അവർ തറവാട്ടിനും തുല്യ പ്രാധാന്യം കൽപിക്കുന്നു. മതവും സൽസ്വഭാവവും പിൻതള്ളുക കാരണം പുതുതായി രൂപംകൊള്ളുന്ന കുടുംബങ്ങളെ സംബന്ധിച്ചേടത്തോളം നമുക്ക് വലിയ പ്രതീക്ഷക്ക് വഴിയില്ല. തന്നിമിത്തം മതനിഷ്ഠയും തക്വ്‌വയുമുള്ള തലമുറയും ന്യൂനീകരിക്കപ്പെട്ടുവരുന്നു.

പല കുടുംബങ്ങളുടെ കാര്യത്തിലും പിതാക്കൾ മതഭക്തന്മാരായിരിക്കും. പക്ഷേ, കുട്ടികൾ അവരുടെ പിതാക്കളുമായി യാതൊരു ബന്ധവുമില്ലാത്ത ജീവിതരീതി അവലംബിച്ചിട്ടുള്ളതായി കാണാം. മൗലവി, മുസ്‌ലിയാർ, ഹാജിയാർ തുടങ്ങിയവരുടെ മക്കളെ ധാരാളക്കണക്കിൽ ഇന്നു മതവുമായി ബന്ധമില്ലാതെയും ചിലപ്പോഴൊക്കെ മത വിരോധികളായും ദുർവൃത്തരായും കാണാം. ഇതിന്നെല്ലാം പ്രധാനകാരണം വീട്ടിൽ വെച്ച് നല്ല പരിശീലനം അവർക്ക് കിട്ടാത്തതാണ്. മതഭക്തയായ മാതാവിലൂടെ മാത്രമെ കുട്ടികളെ നമുക്ക് മതനിഷ്ഠയുള്ളവരാക്കാൻ കഴിയുകയുള്ളൂ. പക്ഷേ, പണത്തെ ലാക്കാക്കി കെട്ടിക്കൊണ്ടുവന്നിട്ടുള്ള ഭാര്യമാരിൽനിന്നും നിങ്ങൾക്കു പലപ്പോഴും മതം പ്രതീക്ഷക്കാൻ കഴിയുകയില്ല. മനുഷ്യനെ മതവാദിയോ മതനിഷേധിയോ എല്ലാമാക്കുന്നത് പ്രധാനമായും മാതാപിതാക്കളാണ്.

ഇസ്‌ലാമിക സംസ്‌കാരം ശരിക്കും നിലനിൽക്കണമെങ്കിൽ ഓരോകുടുബവും തികച്ചും ഇസ്‌ലാമീകരിച്ചേ പറ്റൂ. കുട്ടികളെ ഇസ്‌ലാമികമാർഗത്തിൽ വളർത്താനുള്ള നിഷ്‌കർഷ മാതാപിതാക്കൾക്ക് ഉണ്ടായാലല്ലാതെ- പ്രത്യേകിച്ച് മാതാവിന്ന്-കുട്ടികൾ നേർമാർഗത്തിലാകാൻ വളരെ പ്രയാസമാണ്. നബിﷺ പറയുന്നത് നോക്കുക:

"നിങ്ങളിൽ ഓരോരുത്തരും ഓരോ ഭരണാധികാരിയാണ്. ഓരോരുത്തരോടും തന്റെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും. രാജാവ് ഒരു ഭരണാധികാരിയാണ്. പുരുഷൻ തന്റെ വീട്ടകാരുടെ ഭരണാധികാരിയാണ്. സ്ത്രീ ഭർതൃ ഗൃഹത്തിന്റെയും ഭർതൃസന്തതികളുടെയും ഭരണാധികാരിയാണ്."

പുരുഷനും സ്ത്രീയും തങ്ങളുടെ സന്തതികളെ വളർത്തുന്നതിൽ ഈ ഉത്തരവാദിത്ത പ്രത്യേകം ഓർക്കേണ്ടതുണ്ട്. തങ്ങളുടെ കുട്ടികളെ വളർത്തുന്ന കാര്യത്തിൽ ഇന്നു പലരും അശ്രദ്ധരാണ്. കോഴിക്കോട് പോലെയുള്ള നഗരങ്ങളിൽ കുട്ടികൾ അമ്മമാരുടെ വീടുകളിൽ വളരുന്നത് കൊണ്ടും ബാപ്പയുമായി ബന്ധം കുറവാകകൊണ്ടും ബാപ്പാക്ക് കുട്ടികളെ വേണ്ടതുപോലെ പരിശീലിപ്പിക്കാനും നിയന്ത്രണം ചെലുത്താനും കഴിയാറില്ല. അതിന്റെ ദോഷഫലം അവിടങ്ങളിൽ ഇപ്പോൾ പ്രകടമായിക്കാണുന്നുമുണ്ട്.

നിയന്ത്രണാധീനം വിടാത്തവിധം ഓരോ കുടുംബവും താമസം ഏർപ്പാട് ചെയ്യൽ വളരെ ആവശ്യമാണ്. കുട്ടികൾ എപ്പോഴും മാതാപിതാക്കളുടെ ലാളനയിലും ശിക്ഷണത്തിലും വരികയും അവർക്ക് മാതാപിതാക്കളുടെ ജീവിതത്തിൽനിന്നും നല്ല മാതൃക ലഭിക്കുകയും വേണം. പാഠശാലകളിൽ നിന്നോ, സമൂഹത്തിൽനിന്നോ എന്തുതന്നെ പഠിച്ചാലും അത് കുട്ടികളുടെ മനസ്സിൽ സ്വാധീനം ചെലുത്തണമെങ്കിൽ മാതാപിതാക്കളുടെ ജീവിതത്തിൽനിന്ന് തന്നെ ലഭ്യമാകണം.

കുട്ടികളുടെ ഭക്ഷണം, വസ്ത്രം, ആരോഗ്യം എന്നീ കാര്യങ്ങളിൽ മാതാപിതാക്കൾ വളരെയേറെ ശുഷ്‌കാന്തി പാലിക്കാറുണ്ട്. പക്ഷേ, അവരുടെ വിദ്യാഭ്യാസത്തിലും ആത്മീയ പരിശീലനത്തിലും അത്ര തന്നെ ശ്രദ്ധിച്ചുകാണാറില്ല. മാതാപിതാക്കളുടെ അറിവില്ലായ്മയാണിതിനു കാരണം. രക്ഷിതാക്കളെ പല മാർഗേണ അറിവുള്ളവരാക്കാൻ സമൂഹം ശ്രദ്ധിക്കേണ്ടതാണ്. നിശാകാസ്സുകളിലൂടെയും പ്രസംഗങ്ങളിലൂടെയും മറ്റു സമ്പർക്കത്തിലൂടെയും ഇക്കാര്യം നിർവഹിക്കാവുന്നതാണ്. അറബി മുൻഷിമാർക്കും പ്രൈമറി അധ്യാപകർക്കുമൊക്കെ ഈ കാര്യം നിർവഹിക്കാൻ നിഷ്പ്രയാസം കഴിയുന്നതാണ്.

യാതൊരു തത്ത്വദീക്ഷയുമില്ലാതെ തോന്നിയ മാതിരി ചെല്ലുന്നേടത്തെല്ലാം വിവാഹം കഴിക്കുകയും അതുപോലെത്തന്നെ തോന്നിയവിധം വിവാഹമോചനം ചെയ്യുകയും ചെയ്യുക കാരണം വളരെയധികം കുട്ടികൾ അനാഥരായിത്തീരുന്നുണ്ട്. ഇങ്ങനെ അനാഥരായിത്തീരുന്ന കുട്ടികൾ ഒരു പ്രത്യേക മനശ്ശാസ്ത്രം വെച്ചുപുലർത്തുക കാരണം സമൂഹത്തിന്ന് അവർ ഒരു ഭീഷണിയായി മാറുന്നു. അവർ പലപ്പോഴും നിലവിലുള്ള എല്ലാത്തിനെയും ചോദ്യം ചെയ്തുകൊണ്ടായിരിക്കും വളരുക. അവരെ അങ്ങിനെയാക്കിത്തീർത്തത് നിരുത്തരവാദപരമായ അവരുടെ പിതാക്കളുടെ ചെയ്തികളാണ്. ഇത് സമൂഹം തടയേണ്ടതാണ്. തികച്ചും നീതി പാലിക്കാനും ഭാര്യാമക്കളെ നല്ലപോലെ വളർത്താനും കഴിഞ്ഞെങ്കിൽ മാത്രമെ ബഹുഭാര്യത്വം സമൂഹം അനുവദിക്കാവൂ. കുടുംബജീവിതത്തെക്കുറിച്ച് ഓരോ വ്യക്തിയും ബോധവാനാണെങ്കിൽ മാത്രമെ നല്ലൊരു സമൂഹം നമുക്ക് കെട്ടിപ്പടുക്കാൻ കഴിയൂ. ഇല്ലെങ്കിൽ സമൂഹത്തിൽ ഫിത്നയും നാശവും എന്നും നടമാടും, നാം നശിക്കും.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

15

**(31)** അത് (ദിക്ർ) ഏറ്റവും ലളിതവും എന്നാൽ വളരെ ശ്രേഷ്ഠവും മഹത്തരവുമായ ആരാധനയാണ്. നാവിന്റെ ചലനം അവയവങ്ങളുടെ ചലനങ്ങളിൽ ഏറ്റവും എളുപ്പമുള്ളതും ആയാസം കുറഞ്ഞതുമാണ്.

നാവ് ചലിക്കുന്നതുപോലെ ശരീരത്തിലെ മറ്റേതെങ്കിലും അവയവങ്ങൾ രാവിലും പകലിലുമായി ചലിച്ചുകൊണ്ടിരുന്നാൽ അത് വല്ലാത്ത ക്ഷീണവും പ്രയാസവുമുണ്ടാക്കും; എന്നല്ല അത് ഏതൊരാൾക്കും അസാധ്യവുമായിരിക്കും.

(32) അത് സ്വർഗത്തിലെ ചെടിയാണ്. അബ്ദുല്ലാഹിബ്നു മസ്ഊദ് ﵁ നിവേദനം: നബി ﷺ പറഞ്ഞു: "ഇസ്റാഇന്റെ രാത്രി

യിൽ ഞാൻ ഇബ്‌റാഹീം നബിﷺയെ കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'മുഹമ്മദേ, നിന്റെ സമുദായത്തോട് എന്റെ സലാം പറയുക. കൂടാതെ അവരോട് പറയണം; സ്വർഗത്തിന്റെ മണ്ണ് അതിവിശിഷ്ടമാണ്; വെള്ളം സംശുദ്ധവും. അവിടെ ഒഴിഞ്ഞുകിടക്കുന്ന വിജനപ്രദേശമുണ്ട്. അവിടെ നട്ടുപിടിപ്പിക്കാനുള്ള സസ്യങ്ങളാണ് സുബ്ഹാനല്ലാഹ് (അല്ലാഹു എത്രയോ പരിശുദ്ധൻ), അൽഹംദുലില്ലാഹ് (അല്ലാഹുവിന്നാകുന്നു സർവസ്തുതിയും), ലാ ഇലാഹ ഇല്ലല്ലാഹു (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല), അല്ലാഹു അക്ബർ (അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്നീ ദിക്‌റുകൾ''(തിർമിദി, ത്വബ്‌റാനി, സിൽസിലതുസ്സ്വഹീഹ കാണുക).

തിർമിദി ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇങ്ങനെ വന്നിട്ടുണ്ട്: ജാബിർ‌ؓ നിവേദനം: നബിﷺ പറഞ്ഞു: "ആരെങ്കിലും സുബ്ഹാനല്ലാഹി വബിഹംദിഹി (അല്ലാഹു എത്രയോ പരിശുദ്ധൻ! അവനാകുന്നുസർവസ്തുതിയും) എന്ന് പറഞ്ഞാൽ അയാൾക്കുവേണ്ടി സ്വർഗത്തിൽ ഒരു ഈത്തപ്പന നടുന്നതാണ്" (തിർമിദി, നസാഈ, ഇബ്‌നുഹിബ്ബാൻ, ഹാകിം എന്നിവർ ഉദ്ധരിച്ചത്).

(33) അതിലൂടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിഫലവും മഹത്ത്വവും മറ്റൊരു കർമത്തിനും ഇല്ലാത്തത്രയും ഉണ്ട്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും അബൂഹുറയ്‌റؓയിൽനിന്ന് നിവേദനം ചെയ്യുന്നു: നിശ്ചയം നബിﷺ പറഞ്ഞു: "ആരെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലിശൈഇൻ ക്വദീർ' (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല, അവൻ ഏകനാണ്, അവന് യാതൊരു പങ്കുകാരുമില്ല, അവനാണ് ആധിപത്യം, അവനാണ് സർവസ്തുതിയും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്) എന്ന് ഒരു ദിവസം നൂറുതവണ പറഞ്ഞാൽ നൂറ് അടിമയെ മോചിപ്പിച്ചതിനു സമാനമായ പ്രതിഫലം അയാൾക്കുണ്ട്. നൂറ് നന്മകൾ അയാൾക്കായി രേഖപ്പെടുത്തപ്പെടും. നൂറ് ദോഷങ്ങൾ മായ്ക്കപ്പെടുകയും ചെയ്യും. ആ ദിവസം പ്രദോഷംവരെ അത് അയാൾക്ക് ഒരു രക്ഷാകവചമായിരിക്കുകയും ചെയ്യും. ഇതിനെക്കാൾ ചെയ്തയാളല്ലാതെ അദ്ദേഹത്തെക്കാൾ ശ്രേഷ്ഠമായ കർമഫലവുമായി ഒരാളും തന്നെ വരികയില്ല. ആരെങ്കിലും 'സുബ്ഹാനല്ലാഹി വബിഹംദിഹി' (അല്ലാഹു എത്രയോ പരിശുദ്ധൻ! അവന്നാകുന്നു സർവസ്തുതിയും) എന്ന് ഒരു ദിവസം നൂറ് തവണ പറഞ്ഞാൽ അയാളുടെ ദോഷങ്ങൾ പൊറുക്കപ്പെടുന്നതാണ്; അത് കടലിലെ നുരയോളമുണ്ടെങ്കിലും.''

സ്വഹീഹു മുസ്‌ലിമിൽ അബൂഹുറയ്‌റؓയിൽനിന്ന് നിവേദനം ചെയ്യുന്നു: നബിﷺ പറഞ്ഞു: "സുബ്ഹാനല്ലാഹ് (അല്ലാഹു എത്രയോ പരിശുദ്ധൻ), അൽഹംദുലില്ലാഹ് (അല്ലാഹുവിന്നാകുന്നു സർവസ്തുതിയും), ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല), അല്ലാഹു അക്ബർ (അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്ന് ഞാൻ പറയുന്നതാണ് ഈലോകത്തുള്ള സർവതിനെക്കാളും എനിക്ക് പ്രിയങ്കരം."

അനസ്ബ്‌നു മാലികിؓൽനിന്ന് നിവേദനം: നബിﷺപറഞ്ഞു: 'ആരെങ്കിലും രാവിലെ, അല്ലെങ്കിൽ വൈകുന്നേരം 'അല്ലാഹുമ്മ ഇന്നീ അസ്ബഹ്തു ഉശ്ഹിദുക, വ ഉശ്ഹിദു ഹമലത അർശിക, വമലാഇകതക, വ ജമീഅ ഖൽക്വിക അന്നക അൻതല്ലാഹു, ലാ ഇലാഹ ഇല്ലാ അൻത, വ അന്ന മുഹമ്മദൻ അബ്ദുക വ റസൂലുക' (അല്ലാഹുവേ, നിന്നെയും നിന്റെ സിംഹാസനം വഹിക്കുന്ന മലക്കുകളെയും നിന്റെ മറ്റു മലക്കുകളെയും നിന്റെ സർവ സൃഷ്ടിജാലങ്ങളെയും സാക്ഷിനിർത്തിക്കൊണ്ട് ഞാനിതാ പറയുന്നു; നി

> **ദിക്‌റുകൾക്ക് തന്റെ ജീവിതത്തിൽ അർഹിക്കുന്ന സ്ഥാനം നൽകുകയും ഒരിക്കലും അതിൽനിന്ന് വേറിട്ടുപോകാതെ സൂക്ഷിക്കുകയും വേണം. ശരീരത്തിന് അനിവാര്യമായും നൽകുന്ന ഭക്ഷണത്തിന്റെയും ദാഹജലത്തിന്റെയും വസ്ത്രത്തിന്റെയും താമസസ്ഥലത്തിന്റെയും ഒക്കെ പോലെത്തന്നെ അനിഷേധ്യമായ ശ്രദ്ധയും സ്ഥാനവും ദിക്‌റിനും നൽകേണ്ടതുണ്ട്. ഭക്ഷണമില്ലെങ്കിൽ ശക്തി ക്ഷയിക്കുകയും ശരീരം ക്ഷീണിക്കുകയും ചെയ്യും. കൊടുംദാഹത്തിന്റെ സന്ദർഭത്തിൽ വെള്ളത്തിന്റെ ആവശ്യകതയും സ്ഥാനവും പ്രത്യേകം പറയേണ്ടതില്ല. ചൂടിലും തണുപ്പിലും സുരക്ഷയേകുന്ന വസ്ത്രവും പാർപ്പിടവും ഏതൊരാളുടെയും അടിസ്ഥാന ആവശ്യങ്ങളിൽ പെട്ടതാണ്.**

ശ്ചയം, നീയാണ് അല്ലാഹു! നീയല്ലാതെ ആരാധനക്കർഹനായി മാറ്റാരുമില്ല. മുഹമ്മദ് നബിﷺ നിന്റെ അടിമയും ദൂതനുമാണ്) എന്ന് ഒരു പ്രാവശ്യം പറഞ്ഞാൽ അല്ലാഹു അയാളുടെ നാലിലൊരു ഭാഗത്തെ നരകത്തിൽനിന്ന് മോചിപ്പിക്കുന്നതാണ്. ആരെങ്കിലും അത് രണ്ട് പ്രാവശ്യം പറഞ്ഞാൽ അല്ലാഹു അയാളുടെ പകുതിഭാഗത്തെ നരകത്തിൽനിന്ന് മോചിപ്പിക്കുന്നതാണ്. ആരെങ്കിലും മൂന്നു പ്രാവശ്യം പറഞ്ഞാൽ അയാളുടെ നാലിൽ മൂന്നുഭാഗവും നരകത്തിൽനിന്ന് മോചിപ്പിക്കും. ആരെങ്കിലും നാലു പ്രാവശ്യം ഇങ്ങനെ പറഞ്ഞാൽ അയാളെ പൂർണമായും അല്ലാഹു നരകത്തിൽനിന്നും മോചിപ്പിക്കുന്നതാണ്" (അബൂദാവൂദ്, തിർമിദി, നസാഈ 'അമലുൽ യൗമി വല്ലൈലി'ൽ, ബുഖാരി അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്. ശൈഖ് അൽബാനി(റഹി) ഈ ഹദീഥ് സ്ഥിരപ്പെട്ടിട്ടില്ല എന്ന് വിശദീകരിക്കുന്നു. സിൽസിലഃ ദഈഫഃ ഹദീഥ് നമ്പർ 1041 കാണുക).

(34) അല്ലാഹുവിനെ നിരന്തരമായി 'ദിക്ർ' ചെയ്യുക എന്നത് അല്ലാഹുവിനെ മറന്നുപോയവരുടെ കൂട്ടത്തിൽനിന്നും നിർഭയത്വം ഉറപ്പാക്കുന്ന കാര്യമാണ്. അല്ലാഹുവിനെ വിസ്മരിക്കുക എന്നത് ഒരാളുടെ ഇരുലോകത്തെയും പരാജയത്തിന്റെ കാരണവുമാണ്. അല്ലഹുവിനെ മറന്നുകൊണ്ടുള്ള ജീവിതം സ്വന്തത്തെയും തന്റെ തന്നെ നന്മകളെയും മറപ്പിച്ചുകളയുന്നതാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവെ മറന്നുകളഞ്ഞ ഒരു വിഭാഗത്തെ പോലെ നിങ്ങളാകരുത്. തൻമൂലം അല്ലാഹു അവർക്ക് അവരെപ്പറ്റി തന്നെ ഓർമയില്ലാതാക്കി. അക്കൂട്ടർതന്നെയാകുന്നു ദുർമാർഗികൾ" (ക്വുർആൻ 59:19).

ഒരാൾ സ്വന്തം മനസ്സിനെ മറന്നുകൊണ്ട് അതിന്റെ നന്മകളിൽനിന്നും അകന്ന് ആത്മാവിനെ വിസ്മരിച്ചു വേറെ പലതിലും വ്യാപൃതനായാൽ അത് ഉറപ്പായും ദുഷിക്കുകയും നശിക്കുകയും ചെയ്യും. അയാളെപ്പറ്റി പറയാവുന്നത് അയാൾ ഒരു കൃഷിക്കാരനെ പോലെയാണ് എന്നാണ്. അയാൾക്ക് കൃഷിയും തോട്ടവും മൃഗങ്ങളുമുണ്ട്. അതല്ലെങ്കിൽ ഇതല്ലാത്ത നേട്ടവും വിജയവും നിരന്തരമായ ബന്ധംകൊണ്ടും പരിചരണം കൊണ്ടും നേടേണ്ടതായ വേറെ പലതും അയാൾക്കുണ്ട് എന്ന് കരുതുക. പക്ഷേ, അയാൾ അവയെ ഒന്നും ശ്രദ്ധിക്കാതെ വേറെ പലതിലും വ്യാപൃതനായി. അതിന്റെ കാര്യം പാടെ മറന്നുപോയി. അതിനു നൽകേണ്ട ശ്രദ്ധയും പരിചരണവും ഒന്നും നൽകാതെയിരുന്നാൽ ഉറപ്പായും അത് നശിക്കുമെന്നതിൽ തർക്കമില്ല.

വേറൊരാൾക്ക് അയാളുടെ പകരമായി ഈ ഉത്തരവാദിത്തങ്ങളൊക്കെ നിർവഹിക്കാൻ പറ്റുമായിരുന്നിട്ടുകൂടി ഇതാണ് സ്ഥിതിയെങ്കിൽ സ്വന്തം മനസ്സിന്റെയും ആത്മാവിന്റെയും കാര്യത്തിൽ അവയെ മറന്നുകൊണ്ട് മറ്റു പലതിലും മുഴുകി അവയെ ദുഷിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്ത, അതിനെ വേണ്ട പോലെ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്യാതെ കയ്യൊഴിച്ച ഒരാളെക്കുറിച്ച് എന്തു കരുതുവാനാണ്? അയാളുടെ കാര്യത്തിൽ എന്തൊരു കുഴപ്പവും നാശവും നഷ്ടവും പരാജയവുമാണ് നീ കരുതുന്നത്?

സ്വന്തം കാര്യത്തിൽ വീഴ്ചവരുത്തിയ, അല്ലെങ്കിൽ അതിരുവിട്ടയാളുടെ സ്ഥിതി അയാളുടെ കാര്യങ്ങളെല്ലാം ഛിന്നഭിന്നമായി പോവുകയും അതിന്റെ നേട്ടങ്ങളും ഗുണങ്ങളും നഷ്ടമാവുകയും ചെയ്യും എന്നതാണ്. നാശത്തിന്റെയും നഷ്ടത്തിന്റെയും പരാജയത്തിന്റെയും പല വഴികളും അയാളെ വളഞ്ഞുവെക്കുകയും ചെയ്തിട്ടുണ്ടാവും.

അതിൽനിന്നൊക്കെയും രക്ഷപ്പെടാനും നിർഭയത്വവും സമാധാനവും കൈവരിക്കാനും അല്ലാഹുവിനെക്കുറിച്ച നിരന്തരമായ സ്മരണയും ദിക്റുമല്ലാതെ മറ്റൊരു മാർഗമില്ല. അല്ലാഹുവിന് ധാരാളം 'ദിക്റുകൾ' അർപ്പിക്കുന്ന നാവും ചുണ്ടുമായിരിക്കണം അയാൾക്കുണ്ടാവേണ്ടത്.



ദിക്‌റുകൾക്ക് തന്റെ ജീവിതത്തിൽ അർഹിക്കുന്ന സ്ഥാനം നൽകുകയും ഒരിക്കലും അതിൽനിന്ന് വേറിട്ടുപോകാതെ സൂക്ഷിക്കുകയും വേണം. തന്റെ ശരീരത്തിന് അനിവാര്യമായും നൽകുന്ന ഭക്ഷണത്തിന്റെയും ദാഹജലത്തിന്റെയും വസ്ത്രത്തിന്റെയും താമസസ്ഥലത്തിന്റെയും ഒക്കെ പോലെത്തന്നെ അനിഷേധ്യമായ ശ്രദ്ധയും സ്ഥാനവും ദിക്‌റിനും നൽകേണ്ടതുണ്ട്. ഭക്ഷണമില്ലെങ്കിൽ ശക്തി ക്ഷയിക്കുകയും ശരീരം ക്ഷീണിക്കുകയും ചെയ്യും. കൊടുംദാഹത്തിന്റെ സന്ദർഭത്തിൽ വെള്ളത്തിന്റെ ആവശ്യകതയും സ്ഥാനവും പ്രത്യേകം പറയേണ്ടതില്ല. ചൂടിലും തണുപ്പിലും സുരക്ഷയേകുന്ന വസ്ത്രവും പാർപ്പിടവും ഏതൊരാളുടെയും അടിസ്ഥാന ആവശ്യങ്ങളിൽ പെട്ടതാണ്.

അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും കീർത്തനങ്ങളും (ദിക്‌റുകളും) ഒരു യഥാർഥ അടിമയെ സംബന്ധിച്ചിടത്തോളം ഇതിനെക്കാൾ മനോഹരമായ സ്ഥാനത്ത് അവരോധിക്കാൻ കടപ്പെട്ടതാണ്. ആത്മാവിന്റെയും ഹൃദയത്തിന്റെയും ദോഷവും നാശവും ശരീരത്തിന്റെ നാശത്തെക്കാളും ദോഷത്തെക്കാളും എത്രമാത്രം ഗുരുതരമല്ല!

ശരീരത്തിന്റെ ശക്തി ക്ഷയിക്കുന്നതും അതിനുണ്ടാകുന്ന നഷ്ടങ്ങളും നഷ്ടങ്ങൾ തന്നെയാണ്. എന്നാലും ഒരുപക്ഷേ ആ നഷ്ടങ്ങൾ നികത്തി അതിന്റെ നേട്ടങ്ങളും ഐശ്വര്യങ്ങളും വീണ്ടെടുക്കാൻ സാധിച്ചേക്കും. എന്നാൽ ഹൃദയത്തിന്റെയും ആത്മാവിന്റെയും നാശം പിന്നീട് ഒരിക്കലും നേട്ടവും വിജയവും പ്രതീക്ഷിക്കാൻ കഴിയാത്തത്ര ഗുരുതരമാണ്. ലാ ഹൗല വലാ ക്വുവ്വത ഇല്ലാ ബില്ലാഹ് (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല).

അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നതിലൂടെ ഇതല്ലാതെ മറ്റൊരു നേട്ടവുമില്ല എന്ന് സങ്കൽപിച്ചാൽ പോലും ദിക്‌റിനെ കാര്യമായി ശ്രദ്ധിക്കാനും പരിഗണിക്കാനും പര്യാപ്തമാണിത്.

ആരെങ്കിലും അല്ലാഹുവിനെ മറന്നുകളഞ്ഞാൽ അയാളുടെ നഫ്‌സിനെത്തന്നെ ദുനിയാവിൽ അവൻ മറപ്പിച്ചുകളയുകയും ചെയ്യും. അന്ത്യനാളിൽ ശിക്ഷയിൽ അയാളെ ഉപേക്ഷിക്കും. അല്ലാഹു പറയുന്നു:

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്" (ക്വുർആൻ 20:124).

അതായത്, നീ നമ്മുടെ ദൃഷ്ടാന്തങ്ങളെ വിസ്മരിച്ച് അവയിൽനിന്ന് ഉദ്‌ബോധനം ഉൾകൊള്ളാനോ അവയനുസരിച്ച് പ്രവർത്തിക്കാനോ തയ്യാറാവാതെ കയ്യൊഴിച്ചതുപോലെ നീയും ശിക്ഷയിൽ തള്ളപ്പെട്ടിരിക്കുകയാണ്.

> **'കുടുസ്സായ ജീവിതം' എന്ന പ്രയോഗം തന്നെ ഏറെ ചിന്തനീയമാണ്. ഞെരുക്കവും കാഠിന്യവും പ്രയാസങ്ങളും നിറഞ്ഞ ജീവിതവും അപ്രകാരംതന്നെ ബർസഖീ ജീവിതത്തിന്റെ ശിക്ഷകളും കഷ്ടതകളുമാണ് അതിന്റെ വിവക്ഷ എന്നും ചില വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. യഥാർഥത്തിൽ അത് ഇഹലോകത്തെ ജീവിതവും ക്വബ്‌റിലെ ശിക്ഷയും രണ്ടും ഉൾകൊള്ളുന്നതാണ്. ഈ രണ്ട് അവസ്ഥയിലും അത്തരക്കാർ ഞെരുക്കത്തിലും പ്രയാസങ്ങളിലും തന്നെയായിരിക്കും. പരലോകത്ത് വെച്ചാകട്ടെ ഉപേക്ഷിക്കപ്പെട്ട നിലയിലുമായിരിക്കും. ഇതിന് നേർ വിപരീതമാണ് ജീവിത വിജയത്തിന്റെയും സൗഭാഗ്യത്തിന്റെയും ആളുകൾ. ഇവരുടെ ഇഹലോക ജീവിതവും ബർസഖീജീവിതവും ഏറെ വിശിഷ്ടമായിരിക്കും. പരലോകത്താകട്ടെ അവർക്ക് ഏറ്റവും ശ്രേഷ്ഠമായ പ്രതിഫലവുമുണ്ടായിരിക്കും.**

അല്ലാഹുവിന്റെ 'ദിക്‌റിൽ'നിന്നുള്ള പിന്തിരിയൽ എന്ന് പറഞ്ഞതിന്റെ വിവക്ഷയിൽ ഒന്ന് അല്ലാഹു ഇറക്കിയ 'ദിക്ർ '(ഉൽബോധനം) അഥവാ അവന്റെ വിശുദ്ധ ഗ്രന്ഥമായ ക്വുർആനാണ്. അതാണ് ഇവിടെ പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത്. മറ്റൊന്ന് അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നുള്ള പിന്തിരിയലാണ്. അതായത്, അവന്റെ വിശുദ്ധഗ്രന്ഥത്തിലൂടെയും അവന്റെ ഉൽകൃഷ്ടമായ നാമങ്ങളും വിശേഷണങ്ങളും മുഖേനയും അവന്റെ വിധിവിലക്കുകളും അനുഗ്രഹങ്ങളും ഔദാര്യങ്ങളും മുഖേനയുള്ള സ്മരണ. ഇവയെല്ലാം അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥത്തിൽനിന്നുള്ള പിന്തിരിയലിന്റെ അനുബന്ധങ്ങളാണ്. മേൽപറഞ്ഞ ആ

യത്തിൽ പരാമർശിക്കപ്പെട്ട 'ദിക്ർ' എന്ന പ്രയോഗം 'ഉൽബോധനം' എന്ന അർഥത്തിൽ ക്വുർആനിനെ ഉദ്ദേശിച്ചാകാം. അല്ലെങ്കിൽ 'സ്മരണ' എന്ന അർഥത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും അവനുള്ള സ്തോത്ര കീർത്തനകളും ആകാം.

അതായത് ആരെങ്കിലും എന്റെ ഗ്രന്ഥത്തിൽനിന്ന് പിന്തിരിയുകയും അത് പാരായണം ചെയ്യാതെയും അതിനെപ്പറ്റി ഉറ്റാലോചിക്കാതെയും അതിനനുസരിച്ച് പ്രവർത്തിക്കാതെയും അത് പഠിച്ചുമനസ്സിലാക്കാതെയും അതിനെ കയ്യൊഴിച്ചാൽ തീർച്ചയായും അത്തരക്കാരുടെ ജീവിതം ഞെരുക്കമേറിയതും പ്രയാസങ്ങൾ നിറഞ്ഞതുമായിരിക്കും. അത് അവർക്ക് പീഡനവും ശിക്ഷയുമായിരിക്കും.

'കുടുസ്സായ ജീവിതം' എന്ന പ്രയോഗം തന്നെ ഏറെ ചിന്തനീയമാണ്. ഞെരുക്കവും കാഠിന്യവും പ്രയാസങ്ങളും നിറഞ്ഞ ജീവിതവും അപ്രകാരം തന്നെ ബർസഖീ ജീവിതത്തിന്റെ ശിക്ഷകളും കഷ്ടതകളുമാണ് അതിന്റെ വിവക്ഷ എന്നും ചില വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. യഥാർഥത്തിൽ അത് ഇഹലോകത്തെ ജീവിതവും കബ്റിലെ ശിക്ഷയും രണ്ടും ഉൾകൊള്ളുന്നതാണ്. ഈ രണ്ട് അവസ്ഥയിലും അത്തരക്കാർ ഞെരുക്കത്തിലും പ്രയാസങ്ങളിലും തന്നെയായിരിക്കും. പരലോകത്ത് വെച്ചാകട്ടെ ഉപേക്ഷിക്കപ്പെട്ട നിലയിലുമായിരിക്കും.

ഇതിന് നേർ വിപരീതമാണ് ജീവിത വിജയത്തിന്റെയും സൗഭാഗ്യത്തിന്റെയും ആളുകൾ. ഇവരുടെ ഇഹലോക ജീവിതവും ബർസഖീജീവിതവും ഏറെ വിശിഷ്ടമായിരിക്കും. പരലോകത്താകട്ടെ അവർക്ക് ഏറ്റവും ശ്രേഷ്ഠമായ പ്രതിഫലവുമുണ്ടായിരിക്കും. അല്ലാഹു പറയുന്നു:

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്..." (ക്വുർആൻ 16:97). ഇത് ഐഹിക ജീവിതത്തിൽ വെച്ചാണ്. എന്നിട്ട് അല്ലാഹു പറഞ്ഞു:

"അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (ക്വുർആൻ 16:97).

അല്ലാഹു തആലാ പറയുന്നു: "അക്രമത്തിന് വിധേയരായതിന് ശേഷം അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞ് പോയവരാരോ അവർക്ക് ഇഹലോകത്ത് നാം നല്ല താമസസൗകര്യം ഏർപെടുത്തികൊടുക്കുകതന്നെ ചെയ്യും. എന്നാൽ, പരലോകത്തെ പ്രതിഫലം തന്നെയാകുന്നു ഏറ്റവും മഹത്തായത്. അവർ (അത്) അറിഞ്ഞിരുന്നുവെങ്കിൽ!" (ക്വുർആൻ 16:41).

അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ നിർണിതമായ ഒരു അവധിവരെ അവൻ നിങ്ങൾക്ക് നല്ല സൗഖ്യമനുഭവിപ്പിക്കുകയും, ഉദാരമനസ്ഥിതിയുള്ള എല്ലാവർക്കും തങ്ങളുടെ ഉദാരതയ്ക്കുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. നിങ്ങൾ തിരിഞ്ഞുകളയുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തിലെ ശിക്ഷ നിങ്ങളുടെമേൽ ഞാൻ നിശ്ചയമായും ഭയപ്പെടുന്നു" (ക്വുർആൻ 11:3).

ആദ്യത്തിൽ പറഞ്ഞത് ദുനിയാവിലുള്ളതും അവസാനത്തിൽ പറഞ്ഞത് പരലോകത്തുള്ളതും.

അല്ലാഹു പറയുന്നു: "പറയുക: വിശ്വസിച്ചവരായ എന്റെ ദാസൻമാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവി



തത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സൽഫല മുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കുതന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്" (ക്വുർആൻ 39:10).

നന്മ ചെയ്തവർക്ക് തങ്ങളുടെ സുകൃതങ്ങളുടെ ഫലമായി ഇരുലോകത്തും അല്ലാഹു പ്രതിഫലം നൽകുമെന്ന് അല്ലാഹു പറഞ്ഞ നാല് സന്ദർഭങ്ങളാണ് ഈ സൂക്തങ്ങൾ. സുകൃതങ്ങൾക്ക് അനിവാര്യമായ ചില പ്രതിഫലങ്ങൾ ഇഹലോകത്തുവെച്ചുതന്നെയുണ്ടാകും. അപ്രകാരംതന്നെ ദുഷ്കർമങ്ങൾക്കും അനിവാര്യമായ ചില പ്രതിഫങ്ങൾ ഈ ലോകത്തുവെച്ച് ഉണ്ടാകുന്നതാണ്.

സുകൃതം ചെയ്യുന്നവർക്ക് നൽകപ്പെടുന്ന ഹൃദയവിശാലതയും സന്തോഷവും വിശാല മനസ്കതയും പടച്ച റബ്ബുമായുള്ള ഇടപാട് മുഖേനയുള്ള ആസ്വാദനവും അല്ലാഹുവിനെ വഴിപ്പെടലും സ്മരിക്കലും അതിലൂടെ ലഭ്യമാകുന്ന ആത്മീയ സുഖവും തന്റെ റബ്ബിനെക്കൊണ്ടുള്ള അയാളുടെ ആഹ്ലാദവും സന്തോഷവും ബഹുമാന്യനായ ഒരു രാജാവിന്റെ അടുത്ത ബന്ധു ആ രാജാവിന്റെ അധികാരാധിപത്യത്താൽ സന്തോഷിക്കുന്നതിനെക്കാളും എത്രയോ വലുതായിരിക്കും!

എന്നാൽ ദുഷ്കർമം ചെയ്യുന്നവർക്ക് നൽകപ്പെടുന്ന മനസ്സിന്റെ കുടുസ്സതയും ഹൃദയകാഠിന്യവും ആസ്വസ്ഥതയും ഇരുട്ടും ദേഷ്യവും വെറുപ്പും ശത്രുതയും ഹൃദയവേദനയും ദുഖവും സങ്കടവും എല്ലാം ജീവനും ബോധവുമുള്ള ഒരാളും നിഷേധിക്കുമെന്ന് പോലും തോന്നുന്നില്ല. മാത്രമല്ല അത്തരം ദുഃഖങ്ങളും സങ്കടങ്ങളും മനോവ്യഥകളും മനസ്സിന്റെ കുടുസ്സതയുമെല്ലാം ഇഹലോകത്തുവെച്ചുള്ള ശിക്ഷയും ദുനിയാവിലെ കൺമുന്നിലുള്ള നരകയാതനകളുമാണ്.

അല്ലാഹുവിലേക്ക് മുന്നിടലും അവനിലേക്ക് ഖേദിച്ച് മടങ്ങലും അവനിലേക്ക് തൃപ്തിപ്പെടലും അവനോടുള്ള സ്നേഹത്താൽ ഹൃദയം നിറയലും സദാ അവനെ സ്മരിച്ചുകൊണ്ടിരിക്കുകയും അവനെ കൂടുതൽ അറിയുന്നതിലൂടെയുണ്ടാകുന്നു. സന്തോഷവും ആഹ്ലാദവും മനസ്സമാധാനവുമെല്ലാം ദുനിയാവിൽ കിട്ടുന്ന പ്രതിഫലവും കൺമുന്നിലുള്ള സ്വർഗവുമാണ്. ആ ജീവിതത്തോട് ദുനിയാവിലെ ഒരു രാജാവിന്റെ ജീവിതവും എത്തുകയില്ല.

എന്റെ ഗുരുനാഥൻ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റഹി) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'നിശ്ചയം! ദുനിയാവിൽ ഒരു സ്വർഗമുണ്ട്. അതിൽ പ്രവേശിക്കാത്തവർക്ക് പരലോകത്തെ സ്വർഗത്തിലും കടക്കാനാവില്ല.'

അദ്ദേഹം ഒരിക്കൽ എന്നോട് പറഞ്ഞു: 'എന്റെ ശത്രുക്കൾക്ക് എന്നെ എന്തു ചെയ്യാനാണ് പറ്റുക? എന്റെ സ്വർഗവും തോട്ടവുമൊക്കെ എന്റെ ഹൃദയത്തിലാണ്. ഞാൻ എവിടെ പോയാലും അവയെല്ലാം വേർപിരിയാതെ എന്റെ കൂടെത്തന്നെയുണ്ട്. എന്റെ തടവറ എനിക്കുള്ള സ്വസ്ഥതയും ഏകാന്തതയുമാണ്. എന്റെ മരണമാകട്ടെ എന്റെ ശഹാദത്തും (രക്തസാക്ഷിത്വം) എന്നെ എന്റെ നാട്ടിൽനിന്ന് പുറത്താക്കൽ എനിക്കുള്ള വിനോദയാത്രയുമാണ്' (ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹി)യുടെ മജ്മൂഅ ഫതാവ, 3/259 കാണുക).

ഒരിക്കൽ അദ്ദേഹം തന്റെ തടവറയിൽ വെച്ച് ഇപ്രകാരം പറയുകയുണ്ടായി: 'ഈ കോട്ട നിറച്ചു ഇവർക്ക് ഞാൻ സ്വർണം നൽകിയാൽ പോലും ഈ അനുഗ്രഹത്തിനു തുല്യമായ നന്ദിയാകുമെന്ന് ഞാൻ കരുതുന്നില്ല.' അതായത് അവരെനിക്ക് നന്മക്ക് നിമിത്തമായതിന് പകരമായി ഞാനവർക്ക് പ്രത്യുപകാരം ചെയ്തതാകില്ല.

അദ്ദേഹം ബന്ധനസ്ഥനായി കഴിയവെ സുജൂദിൽ കിടന്ന് ഇപ്രകാരം പറയുമായിരുന്നു: 'അല്ലാഹുമ്മ അഇന്നീ അലാ ദിക് രിക വ ശുക്‌രിക വ ഹുസ്നി ഇബാദത്തിക' (അല്ലാഹുവേ നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി ചെയ്യുവാനും നല്ല രൂപത്തിൽ നിനക്ക് ഇബാദത്ത് നിർവഹിക്കുവാനും എന്നെ നീ സഹായിക്കണേ ). മാശാ അല്ലാഹ്!

ഒരിക്കൽ എന്നോട് അദ്ദേഹം പറഞ്ഞു: 'തന്റെ റബ്ബിൽനിന്ന് ഹൃദയത്തെ തടഞ്ഞുവെക്കപ്പെട്ടവനാണ് യഥാർഥ തടവറയിലകപ്പെട്ടവൻ. ദേഹേച്ഛയുടെ പിടിയിലകപ്പെട്ടവനാണ് യഥാർഥ ബന്ധനസ്ഥൻ.'

അദ്ദേഹത്തെ തടവറയിലേക്ക് കൊണ്ടുപോകുമ്പോൾ അതിന്റെ മതിൽക്കെട്ടുകളിലേക്ക് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "...അപ്പോൾ അവർക്കിടയിൽ ഒരു മതിൽ കൊണ്ട് മറയുണ്ടാക്കപ്പെടുന്നതാണ്. അതിന് ഒരു വാതിലുണ്ടായിരിക്കും. അതിന്റെ ഉൾഭാഗത്താണ് കാരുണ്യമുള്ളത്. അതിന്റെ പുറം ഭാഗത്താകട്ടെ ശിക്ഷയും" (ക്വുർആൻ 57:13).

**(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 54, ഭാഗം 2

# അൽക്വമർ (ചന്ദ്രൻ)

(മക്കയിൽ അവതരിച്ചത്)

فَفَتَحْنَآ أَبْوَٰبَ ٱلسَّمَآءِ بِمَآءٍ مُّنْهَمِرٍ ﴿١١﴾
وَفَجَّرْنَا ٱلْأَرْضَ عُيُونًا فَٱلْتَقَى ٱلْمَآءُ عَلَىٰٓ أَمْرٍ
قَدْ قُدِرَ ﴿١٢﴾
وَحَمَلْنَٰهُ عَلَىٰ ذَاتِ أَلْوَٰحٍ وَدُسُرٍ ﴿١٣﴾
تَجْرِى بِأَعْيُنِنَا جَزَآءً لِّمَن كَانَ كُفِرَ ﴿١٤﴾
وَلَقَد تَّرَكْنَٰهَآ ءَايَةً فَهَلْ مِن مُّدَّكِرٍ ﴿١٥﴾
فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿١٦﴾
وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ
مِن مُّدَّكِرٍ ﴿١٧﴾

11. അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവുംകൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു.
12. ഭൂമിയിൽ നാം ഉറവുകൾ പൊട്ടിക്കുകയും ചെയ്തു. അങ്ങനെ നിർണയിക്കപ്പെട്ടുകഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളം സന്ധിച്ചു.
13. പലകകളും ആണികളുമുള്ള ഒരു കപ്പലിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു.
14. നമ്മുടെ മേൽനോട്ടത്തിൽ അത് സഞ്ചരിക്കുന്നു. നിഷേധിച്ചുതള്ളപ്പെട്ടിരുന്നവന്ന് (ദൈവദൂതന്ന്) ഉള്ള പ്രതിഫലമത്രെ അത്.
15. തീർച്ചയായും അതിനെ (പ്രളയത്തെ) നാം ഒരു ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?
16. അപ്പോൾ എന്റെ ശിക്ഷയും താക്കീതുകളും എങ്ങനെയായിരുന്നു (എന്നു നോക്കുക).
17. തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?

11. അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനക്ക് ഉത്തരം നൽകി. അദ്ദേഹത്തിന്റെ ജനതയിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അല്ലാഹു പറയുന്നു: (അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവുംകൊണ്ട് ആകാശത്തിന്റെ വാതിലുകൾ നാം തുറന്നു) അതായത് തുടർച്ചയായി, ധാരാളം.

12. (ഭൂമിയിൽ ഉറവുകൾ നാം പൊട്ടിക്കുകയും ചെയ്തു) അസാധാരണമാം വിധം മഴ പെയ്യുന്നതായി ആകാശത്തെ നാം മാറ്റി. ഭൂമി മുഴുവനും പൊട്ടിയൊഴുകി. സാധാരണ വെള്ളം കാണപ്പെടാത്ത അടുപ്പിൽ പോലും ഉറവ പൊട്ടി. കാരണം അത് തീയുടെ സ്ഥലമാണല്ലോ. (വെള്ളം സന്ധിച്ചു)

ആകാശത്തിലെയും ഭൂമിയിലെയും. (ഒരു കാര്യത്തിനായി) അല്ലാഹുവിൽനിന്നും അദ്ദേഹത്തിനു വേണ്ടിയുള്ള ഒരു കാര്യം. (നിർണയിക്കപ്പെട്ടു കഴിഞ്ഞ) അതിരുവിട്ട ഈ അക്രമികൾക്ക് ശിക്ഷയായി അല്ലാഹു ശാശ്വതമായി മുമ്പേ നിശ്ചയിച്ചതും വിധിച്ചതും.

13. (പലകകളും ആണികളുമുള്ള ഒരു കപ്പലിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു) പലകകളും ആണികളുമുള്ള ഒരു കപ്പലിൽ തന്റെ ദാസനെ നാം രക്ഷപ്പെടുത്തി. പലകകളെയും അവ തമ്മിലുള്ള ബന്ധത്തെയും ഉറപ്പിക്കുന്ന ആണികൾ.

14. (നമ്മുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്ന) നൂഹിﷺനെയും അദ്ദേഹത്തിൽ വിശ്വാസമുള്ളവരെയും എല്ലാ സൃഷ്ടിജാലങ്ങളിൽനിന്നും രണ്ടിണകളെയുംകൊണ്ട് അല്ലാഹുവിന്റെ സംരക്ഷണത്തിലും നിയന്ത്രണത്തിലും മുങ്ങാതെ അത് സഞ്ചരിച്ചു. അവൻ ഭരമേൽപിക്കാവുന്ന എത്ര നല്ല സംരക്ഷകൻ! (നിഷേധിച്ചു തള്ളപ്പെട്ടിരുന്നവന്ന് (പ്രവാചകന്) ഉള്ള അല്ലാഹുവിന്റെ പ്രതിഫലമാത്രെ അത്). അതായത് എല്ലാവരും മുങ്ങിത്താഴ്ന്നപ്പോൾ അതിൽനിന്നും നൂഹിനെ നാം രക്ഷപ്പെടുത്തിയത് അദ്ദേഹത്തിനുള്ള ഒരു പ്രതിഫലമാണ്. അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തെ കളവാക്കുകയും അവരെ പ്രബോധനം ചെയ്തതിൽ അദ്ദേഹം ക്ഷമകാണിക്കുകയും അല്ലാഹുവിന്റെ കൽപനയിൽ നിലകൊള്ളുകയും ചെയ്തതിനുള്ള പ്രതിഫലം. പിന്നീട് ആരും അദ്ദേഹത്തെ തടയുകയോ തടസ്സപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. അല്ലാഹു പറഞ്ഞത് പോലെ:

"അദ്ദേഹത്തോട് പറയപ്പെട്ടു: നമ്മുടെ പക്കൽനിന്നുള്ള ശാന്തിയോടുകൂടിയും നിനക്കും നിന്റെ കൂടെയുള്ളവരിൽനിന്നുള്ള സമൂഹങ്ങൾക്കും അനുഗ്രഹങ്ങളോടുകൂടിയും നീ ഇറങ്ങിക്കൊള്ളുക" (11:48).

നൂഹിന്റെ ജനതയെ നശിപ്പിക്കുകയും നിന്ദ്യതയും ശിക്ഷയും അവർ നൽകേണ്ടവിധം നൽകുകയും ചെയ്തു. അവരുടെ ധിക്കാരത്തിനും നിഷേധത്തിനുമുള്ള  പ്രതിഫലമായിരിക്കാം ഇവിടെ ഉദ്ദേശം. ഇവിടെ 'കുഫ്റ്' എന്നത് 'കഫറ' എന്നാകുമ്പോൾ അർഥം അങ്ങനെ വരും

15. (എന്നാൽ അതിനെ (പ്രളയത്തെ) നാം ഒരു ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ ആലോചിച്ചുമനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?) നൂഹിന്റെയും അദ്ദേഹത്തിന്റെ ജനതയുടെയും ചരിത്രം ഉൽബോധനം ഉൾക്കൊള്ളുന്നവർക്ക് ഒരു ദൃഷ്ടാന്തമാക്കി. അതായത് പ്രവാചകന്മാരെ ധിക്കരിക്കുകയും അവർക്ക് എതിരു  പ്രവർത്തിക്കുകയും ചെയ്തവരെ  അല്ലാഹു പൊതുശിക്ഷകൊണ്ട് നശിപ്പിക്കുമെന്ന കാര്യം. മറ്റൊരു ആശയം, 'അതിനെ അവശേഷിപ്പിച്ചു' എന്നു പറയുമ്പോൾ അത് ആ കപ്പലായിരിക്കാം. അതിന്റെ നിർമാണം അല്ലാഹുവിൽനിന്ന് നൂഹ് നബിﷺ പഠിച്ചത് പ്രത്യേകമായിട്ടാണ്. പിന്നീട് കപ്പലിന്റെ നിർമാണവും കപ്പലും ജനങ്ങളിൽ അല്ലാഹു നിലനിർത്തുകയും ചെയ്തു. ഇതെല്ലാം അറിയിക്കുന്നത് പുതിയത് സൃഷ്ടിക്കാനുള്ള അല്ലാഹുവിന്റെ കഴിവും പടപ്പുകളോടുള്ള കരുണയും ശ്രദ്ധയുമാണ്. (എന്നാൽ ആലോചിച്ചുമനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?) ദൃഷ്ടാന്തങ്ങളെക്കുറിച്ച് ബുദ്ധി കൊടുത്തുകൊണ്ട് അതിലേക്കുള്ള കാര്യങ്ങൾ ചിന്തിച്ച് ഉറ്റാലോചിക്കുന്നവർ ആരെങ്കിലുമുണ്ടോ? അതാവട്ടെ വളരെയധികം വ്യക്തവും ലളിതവുമാണ്.

16.(അപ്പോൾ എന്റെ ശിക്ഷയും താക്കിതുകളും എങ്ങനെയായിരുന്നു?) ഒരു ന്യായവും അവശേഷിക്കാത്തവിധത്തിലുള്ള അല്ലാഹുവിന്റെ വേദനയെറിയ ശിക്ഷയും താക്കിതും എങ്ങനെയുണ്ടെന്നാണ് നീ മനസ്സിലാക്കിയത്?

17. (തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?) ആശയങ്ങളും അർഥങ്ങളും മനസ്സിലാക്കുവാനും മനഃപാഠമാക്കുവാനും ക്വുർആനിലെ പദങ്ങൾ അല്ലാഹു നമുക്ക് എളുപ്പവും ലളിതവുമാക്കിത്തന്നു. പദങ്ങളിൽ ഏറെ സത്യവും വിശദീകരണങ്ങളിൽ ഏറെ വ്യക്തവുമാണ്. ക്വുർആനിലേക്ക് കടന്നുവരുന്നവന് അല്ലാഹു അവന്റെ ആവശ്യങ്ങൾ നേടാൻ ഏറ്റവുമധികം സൗകര്യം ചെയ്തുകൊടുക്കും. അവന്റെമേൽ അത് ലളിതമാക്കുകയും ചെയ്യും. മനുഷ്യർ ആലോചിക്കുന്ന സർവ കാര്യങ്ങളെയും സമ്പൂർണമായി ഈ ഉൽബോധനം (ക്വുർആൻ) ഉൾക്കൊള്ളുന്നുണ്ട്. അനുവദനീയമായതും നിഷിദ്ധമായതും കൽപിച്ചതും വിരോധിച്ചതുമായ മതവിധികൾ, പ്രതിഫലത്തിന്റെ വിധികൾ, ഉപദേശങ്ങൾ, ഗുണപാഠങ്ങൾ, പ്രയോജനകരമായ  വിശ്വാസങ്ങൾ, സത്യസന്ധമായ വൃത്താന്തങ്ങൾ എല്ലാം അതുൾക്കൊള്ളുന്നു. അതുകൊണ്ട് തന്നെ ക്വുർആനിക വിജ്ഞാനം മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും മറ്റു വിജ്ഞാനങ്ങളെക്കാൾ ഏറെ സരളവും എല്ലാ നിലയ്ക്കും ഉന്നതവുമാണ്. ഉപകാരപ്രദമായ വിജ്ഞാനമാണത്. ഒരു അടിമ അതിനെ അന്വേഷിച്ചാൽ അവനത് ലഭിക്കും. ചില പൂർവവ്യാഖ്യാതാക്കൾ  അങ്ങനെ തന്നെ പറഞ്ഞിട്ടുണ്ട്ഈ വചനത്തെക്കുറിച്ച്. വിജ്ഞാനമന്വേഷിക്കുന്നവർ ആരാണോ അവർ സഹായിക്കപ്പെടും. അതിനാൽ അല്ലാഹു തന്റെ അടിമകളെ ക്വുർആനിലേക്ക് ക്ഷണിക്കുന്നു. അതിനെക്കുറിച്ച് ചിന്തിച്ചു പഠിക്കുവാനും. (എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?).

**(അവസാനിച്ചില്ല)**



മുഹമ്മദ് നബിﷺ 31

# മദീനയിലെ പ്രതികൂല കാലാവസ്ഥയും മുഹാജിറുകളും

**ഹുസൈൻ സലഫി, ഷാർജ**
hsalafi@gmail.com

മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ നിസ്തുലമായ സ്നേഹവും ആദരവും നബിﷺ ഉണ്ടാക്കിയെടുത്തു. ഈ കാലത്ത് മദീനയിൽ മക്കയെ അപേക്ഷിച്ച് കാലാവസ്ഥ അൽപം ക്ലേശകരമായിരുന്നു. കാലാവസ്ഥയുടെ മാറ്റം കാരണം മദീനയിൽ എത്തിയ മുഹാജിറുകൾക്ക് അവിടെ താമസിക്കാൻ അൽപം വിഷമമുണ്ടായി. അതുനിമിത്തം പലരും ക്ഷീണിതരായി. പലരും രോഗബാധിതരായി. അബൂബക്റിനുംؓ ബിലാലിനുംؓ കടുത്ത പനി ബാധിച്ചു. മകൾ ആഇശؓ അബൂബക്റിؓനോട് സുഖവിവരങ്ങൾ ആരായവെ ഒരിക്കൽ അദ്ദേഹം പറഞ്ഞു:

"എല്ലാ മനുഷ്യനും അവന്റെ കുടുംബത്തിൽ പ്രഭാതത്തിൽ ആയിത്തീരുന്നു. (എന്നാൽ) മരണം അവന്റെ ചെരുപ്പിന്റെ വാറിനെക്കാളും അടുത്താകുന്നു."

ബിലാൽﷺ പനിപിടിച്ച് ക്ഷീണിച്ച സമയത്ത് പറഞ്ഞിരുന്ന കാര്യങ്ങൾ ബുഖാരിയിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്:

"ഞാൻ താഴ്‌വരയിൽ രാത്രി താമസിച്ചിട്ടുണ്ടല്ലോ. എനിക്ക് ചുറ്റും ഇദ്ഖിറും (അവിടെ വ്യാപകമായി ഉണ്ടായിരുന്ന ഒരു പുല്ലാണിത്) നല്ല ചെടികളും ഉണ്ടായിരുന്നു. മജന്നയിലെ വെള്ളം കുടിക്കാൻ ദിവസവും ഞാൻ പോകാറുണ്ടായിരുന്നല്ലോ. എനിക്ക് ശാമയും ത്വഫീലും (രണ്ട് മലകളാണിവ) വെളിവാകുമായിരുന്നല്ലോ." ആഇശﷺ പറഞ്ഞു: "അങ്ങനെ ഞാൻ അല്ലാഹുവിന്റെ റസൂലിﷺന്റെ അടുത്ത് വന്നു. എന്നിട്ട് ഞാൻ ഈ വിവരം പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: അല്ലാഹുവേ, മക്കയെ ഞങ്ങൾക്ക് പ്രിയങ്കരമാക്കിയത് പോലെ, അല്ലെങ്കിൽ അതിനെക്കാൾ ശക്തിയായി മദീനയെ ഞങ്ങളിലേക്ക് പ്രിയങ്കരമാക്കേണമേ. ഇതിനെ (മദീനയെ) നീ ശരിപ്പെടുത്തുകയും അതിന്റെ സ്വാഇലും മുദ്ദിലും ഞങ്ങൾക്ക് നീ ബറകത്ത് ചൊരിയുകയും ചെയ്യേണമെ. ഇതിന്റെ പനിയെ നീ നീക്കിത്തരികയും അതിനെ നീ തുടച്ചുനീക്കുകയും ചെയ്യേണമേ."

മക്കയിൽനിന്ന് മദീനയിൽ എത്തിയ മുഹാജിറുകൾക്ക് മക്കയിലെ അനുഭൂതികൾ മറക്കാൻ സാധിച്ചിരുന്നില്ല. അവർ അവിടത്തെ ഓരോ പ്രത്യേകതയും ഇത്തരം സന്ദർഭങ്ങളിൽ അനുസ്മരിക്കുമായിരുന്നു. മക്കയിലാകുമ്പോൾ അവിടത്തെ പല മലമടക്കുകളിലെയും വെള്ളം കുടിക്കാം. സുന്ദരമായ പ്രകൃതിഭംഗി ആസ്വദിക്കാം. ഇവിടെ തങ്ങൾക്ക് പൊരുത്തപ്പെടാൻ സാധിക്കുന്നില്ല. എല്ലാവർക്കും രോഗവും ക്ഷീണവും. മദീനയുടെ സാഹചര്യത്തിൽ വിഷമിക്കുന്ന മുഹാജിറുകളുടെ വേദന നബിﷺ മനസ്സിലാക്കി. നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു. ആ പ്രാർഥന അല്ലാഹു സ്വീകരിച്ചു. സ്വഹാബിമാരുടെ രോഗങ്ങളെല്ലാം ശമിക്കപ്പെട്ടു. അവർക്ക് ഏറെ സന്തോഷവും ആനന്ദവും ഉണ്ടായി. പ്രയാസങ്ങൾ സഹിക്കാനുള്ള കരുത്ത് ഉണ്ടായി. മദീനയിലെ കാലാവസ്ഥകളുമായി അവർ പൊരുത്തപ്പെടാൻ തുടങ്ങി. ത്യാഗം സഹിച്ച് മക്കയിൽനിന്ന് ഹിജ്റ വന്ന തന്റെ പ്രിയപ്പെട്ട അനുചരന്മാരെ അതേ വിശ്വാസത്തിൽ ഉറപ്പിച്ച് നിറുത്താനും അവർ വന്നവഴിക്ക് തിരിച്ച് പോകാതിരിക്കാനുമായി നബിﷺ പ്രത്യേകം പ്രാർഥിച്ചതും ഹദീഥുകളിൽ വന്നിട്ടുണ്ട്.

### മദീനയിൽ ആരെല്ലാമായിരുന്നു?

നബിﷺ മദീനയിൽ എത്തുന്ന കാലത്ത് പ്രബല ഗോത്രങ്ങളായി ഉണ്ടായിരുന്നത് യഹൂദികളായിരുന്നു. ബനൂകൈ്വനുകാഅ്, ബനൂനദ്വീർ, ബനൂക്വുറയ്ള എന്നിങ്ങനെ ചില ഗോത്രങ്ങളായി മദീനയിൽ പരന്ന് കിടക്കുകയായിരുന്നു അന്ന് ജൂതന്മാർ. എന്നാൽ അന്ന് അറബികൾ രണ്ട് ഗോത്രങ്ങളായി പരസ്പരം വിഘടിച്ച് നിൽക്കുന്നവരുമായിരുന്നു. ഖസ്റജ്, ഔസ് ഗോത്രക്കാരായിരുന്നു അവർ. അവർക്കിടയിൽ ഏത് കാലത്തും പരസ്പരം ചേരിപ്പോരും യുദ്ധങ്ങളുമുണ്ടായിരുന്നു. നിസ്സാര കാരണത്തിന്റെ പേരിൽ പോലും പരസ്പരം യുദ്ധം ചെയ്തവരായിരുന്നു അവർ. തന്റെ ഒട്ടകത്തിന് കുടിക്കാനുള്ള വെള്ളത്തിൽ നിന്ന് അപ്പുറത്തെ വീട്ടിലെ ഒട്ടകം വെള്ളം കുടിച്ചാൽ പോലും അവർ പരസ്പരം വാളെടുത്തിരുന്നു. ഐക്യം നഷ്ടപ്പെട്ട, ഛിന്നഭിന്നമായ ആളുകളുള്ള ഒരു നാടായിരുന്നു യഥ്‌രിബ് എന്ന് ചുരുക്കം. നബിﷺ അവിടെ എത്തിയതിന് ശേഷം

> **മക്കയിൽനിന്ന് മദീനയിൽ എത്തിയ മുഹാജിറുകൾക്ക് മക്കയിലെ അനുഭൂതികൾ മറക്കാൻ സാധിച്ചിരുന്നില്ല. അവർ അവിടത്തെ ഓരോ പ്രത്യേകതയും ഇത്തരം സന്ദർഭങ്ങളിൽ അനുസ്മരിക്കുമായിരുന്നു. മക്കയിലാകുമ്പോൾ അവിടത്തെ പല മലമടക്കുകളിലെയും വെള്ളം കുടിക്കാം. സുന്ദരമായ പ്രകൃതിഭംഗി ആസ്വദിക്കാം. ഇവിടെ തങ്ങൾക്ക് പൊരുത്തപ്പെടാൻ സാധിക്കുന്നില്ല. എല്ലാവർക്കും രോഗവും ക്ഷീണവും. മദീനയുടെ സാഹചര്യത്തിൽ വിഷമിക്കുന്ന മുഹാജിറുകളുടെ വേദന നബിﷺ മനസ്സിലാക്കി. നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു. ആ പ്രാർഥന അല്ലാഹു സ്വീകരിച്ചു. സ്വഹാബിമാരുടെ രോഗങ്ങളെല്ലാം ശമിക്കപ്പെട്ടു. അവർക്ക് ഏറെ സന്തോഷവും ആനന്ദവും ഉണ്ടായി. പ്രയാസങ്ങൾ സഹിക്കാനുള്ള കരുത്ത് ഉണ്ടായി. മദീനയിലെ കാലാവസ്ഥകളുമായി അവർ പൊരുത്തപ്പെടാൻ തുടങ്ങി.**

ഔസ്, ഖസ്റജ് ഗോത്രക്കാരെ പരസ്പരം ഐക്യത്തിലാക്കി. ഒരു മാലയിലെ മുത്തുകളെ പോലെ അവരെ അല്ലാഹുവിന്റെ റസൂൽﷺ കോർത്തിണക്കി. അവരുടെ അന്നത്തെ പ്രവണതയെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

“നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽനിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻ വേണ്ടി.” (ക്വുർആൻ 3:103).

മദീനയിലെ തമ്മിലടിക്കാരായ ജനതയെ പ്രവാചകൻﷺ അതുല്യമായ രൂപത്തിൽ ഐക്യപ്പെടുത്തി. അവർക്കിടയിലെ ഐക്യത്തിന് മുന്നിൽനിന്ന നബിﷺയെ യഹൂദികൾ പരിചയപ്പെടുത്തിത് ഭിന്നിപ്പിക്കുന്നവനും ഐക്യം തകർക്കുന്നവനുമെന്നായിരുന്നു! അവർക്കിടയലെ ഈ ഐക്യവും സ്നേഹവും യഹൂദികൾക്ക് പിടിച്ചില്ല. അവർ നബിﷺയെ ആകുന്നത്ര ഉള്ളിലൂടെ ദ്രോഹിക്കാൻ നോക്കി.

മദീനയിൽ ഉണ്ടായിരുന്ന യഹൂദികളിൽ മിക്കവർക്കും കച്ചവടമായിരുന്നു ജോലി. കൃഷി ചെയ്യുന്നവരും ഉണ്ടായിരുന്നു. പുറംനാടുകളിൽനിന്ന് വസ്തുക്കൾ ഇറക്കുമതിചെയ്ത് അവർ കച്ചവടം നടത്തി. അങ്ങനെ വലിയ സമ്പന്നരായിരുന്നു അവർ. പണം പലിശക്ക് നൽകി പിന്നെയും സമ്പാദിക്കാൻ അവർ ശ്രമിച്ചു. ഇത് എക്കാലത്തെയും യഹൂദികളുടെ സമ്പ്രദായമാണ്. അന്നത്തെ യഹൂദികൾ ഔസ്-ഖസ്റജ് ഗോത്രക്കാർക്കിടയിൽ ഏഷണി പരത്തിയും മറ്റും അവരെ പരസ്പരം പോരടിപ്പിക്കാൻ ശ്രമിച്ചു. ആയുധസജ്ജരാകാൻ വേണ്ടി അവർ ആയുധം വിൽപന നടത്തും. സാമ്പത്തികമായ വലിയ ആവശ്യം നേരിടുന്ന യുദ്ധസമയത്ത് പലിശക്ക് പണം നൽകി അവർ സഹായിക്കും. ഈ പ്രവണത ഇന്നും അവർ തുടർത്തിപ്പോരുന്നതായി കാണാം. മുസ്‌ലിം രാജ്യങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചും അയൽരാജ്യക്കാരെ തമ്മിലടിപ്പിച്ചും നേട്ടമുണ്ടാക്കാൻ പാടുപെടുന്ന ഇവരുടെ കുതന്ത്രങ്ങളെ തിരിച്ചറിയാതെ പോകുന്നത് വലിയ ആപത്താണ്.

മദീനയിലെ യഹൂദികൾക്ക് അവരിലേക്ക് അയക്കപ്പെട്ട മുഹമ്മദ് നബിﷺയെ സംബന്ധിച്ച് വ്യക്തമായും അറിയാമായിരുന്നു. കാരണം, അവർക്ക് നൽകപ്പെട്ട വേദഗ്രന്ഥത്തിൽ അവസാനം വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് വിവരിച്ചിട്ടുണ്ടായിരുന്നു. ക്വുർആൻ ആ കാര്യം ഉണർത്തുന്നത് കാണുക:

“(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക്കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ലവസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്തവസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ” (ക്വുർആൻ 7:157).

“നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നത് പോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ട് തന്നെ സത്യം മറച്ചുവെക്കുകയാകുന്നു” (ക്വുർആൻ 2:146).

വരാനിരിക്കുന്ന അവസാനത്തെ നബിയെക്കുറിച്ച് വേദഗ്രന്ഥത്തിൽനിന്ന് പഠിച്ച യഹൂദികളും നസ്വാറാക്കളുമായിരുന്നു മുഹമ്മദ് നബിﷺയിൽ ആദ്യം വിശ്വസിക്കേണ്ടിയിരുന്നത്. കാരണം ആ പ്രവാചകന്റെ നിയോഗത്തെ പ്രതീക്ഷിച്ചിരിക്കുന്നവരായിരുന്നു അവർ. എന്നാൽ ആ പ്രവാചകൻ മദീനയിൽ എത്തിയപ്പോൾ അവർ അദ്ദേഹത്തെ അംഗീകരിക്കാൻ കൂട്ടാക്കിയില്ല. വരാനിരിക്കുന്ന അന്തിമദൂതൻ അവരുടെ പരമ്പരയിൽ (ഇസ്ഹാക് നബി عليه السلامയുടെ പരമ്പരയിൽ) ആയിരിക്കുമെന്നാണ് അവർ വിചാരിച്ചിരുന്നത്. എന്നാൽ മുഹമ്മദ് നബിﷺ വന്നത് ഇസ്മാഈൽ നബി عليه السلامയുടെ

പരമ്പരയിലാണ്. അഥവാ, അറബികളിലാണ്. ചുരുക്കത്തിൽ, കുടുംബപരമ്പര നോക്കി അസൂയപ്പെട്ടാണ് അവർ മുഹമ്മദ് നബിﷺയെ കളവാക്കിയത്. ആ പക ഇന്നും അവർക്ക് അറബികളോട്, വിശിഷ്യാ മുസ്‌ലിംകളോട് നിലനിൽക്കുന്നു. അതിനാലുള്ള ശത്രുത അവസരം കിട്ടുന്നിടത്തെല്ലാം അവർ പ്രകടിപ്പിക്കുന്നുമുണ്ട്. ക്വുർആൻ അവരുടെ ശത്രുതയെ പറ്റി ഉണർത്തുന്നത് കാണുക:

"ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാകുന്നു എന്ന് പറഞ്ഞവരാണ് ജനങ്ങളിൽവെച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൗഹൃദമുള്ളവർ എന്നും നിനക്ക് കാണാം. അവരിൽ മതപണ്ഡിതൻമാരും സന്യാസികളും ഉണ്ടെന്നതും, അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമാണ് അതിന് കാരണം" (ക്വുർആൻ 5:82).

മുഹമ്മദ് നബിﷺയോടുള്ള അവരുടെ വെറുപ്പ് ആദ്യസമയങ്ങളിൽ അവർ മനസ്സിൽ ഒളിപ്പിച്ചുവെച്ചു. എന്നാൽ മക്കയിലുള്ള ആ പ്രവാചകൻ ഇപ്പോൾ മദീനയിൽ എത്തി. ഒരു പള്ളി നിർമിച്ചു. ആളുകളെല്ലാം ഏറെ ആരവത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. അവർ അദ്ദേഹത്തെ അങ്ങേയറ്റം സ്നേഹിക്കുന്നു. പ്രവാചകനിൽ വിശ്വസിക്കുന്നവരുടെ എണ്ണം വർധിക്കാൻ തുടങ്ങി. യഹൂദികൾക്ക് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അവരുടെ കൂട്ടത്തിലെ ഒരു പ്രഗത്ഭ പണ്ഡിതനായിരുന്നു അബ്ദുല്ലാഹിബ്നുസലാം. അദ്ദേഹം പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അസൂയയും വെറുപ്പും വെച്ചുനടക്കുന്ന യഹൂദികളിൽ നല്ല വ്യക്തിയായിരുന്നു അദ്ദേഹം. വേദഗ്രന്ഥത്തിൽ അഗാധപാണ്ഡിത്യമുള്ള മഹാനായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണം ചരിത്രത്തിൽ പ്രസിദ്ധമാണ്. മദീനയിൽ എത്തിയ നബിﷺ ബനൂനജ്ജാർ ഗോത്രത്തിലായിരുന്നല്ലോ ആദ്യനാളുകളിൽ. അവിടേക്ക് അദ്ദേഹം ധൃതിപ്പെട്ട് ചെല്ലുകയുണ്ടായി. ഒരു പ്രവാചകന് മാത്രം ഉത്തരം പറയാൻ സാധിക്കുന്ന ചില ചോദ്യങ്ങൾ അദ്ദേഹം നബിﷺനോട് ചോദിക്കുകയുണ്ടായി. ആ ചോദ്യങ്ങൾക്കെല്ലാം നബിﷺ ശരിയായ ഉത്തരം നൽകിയപ്പോൾ ആ സ്ഥലത്തുവെച്ച്, ആ സമയത്തുതന്നെ അദ്ദേഹം നബിﷺയിൽ വിശ്വസിച്ചു. പിന്നീട് അബ്ദുല്ലാഹിബ്നു സല്ലാം നബിﷺനോട് പറഞ്ഞു: "തീർച്ചയായും യഹൂദികൾ ദുരാരോപകന്മാരാണ്. അതിനാൽ എന്റെ ഇസ്‌ലാം ആശ്ലേഷണം അവർ അറിഞ്ഞാൽ എന്നെപ്പറ്റി ദുരാരോപണങ്ങൾ പറയുന്നതാണ്. എന്റെ ഇസ്‌ലാം സ്വീകരണം അവർ അറിയുന്നതിന് മുമ്പായി എന്നെപ്പറ്റിയുള്ള അഭിപ്രായം എന്താണെന്ന് നിങ്ങൾ അവരോട് ചോദിക്കണം." അങ്ങനെ റസൂൽﷺ ആളെ വിട്ടു. യഹൂദികൾ അവിടെ വന്നു. അബ്ദുല്ലാഹിബ്നുസല്ലാം ആ വീടിന്റെ അകത്ത് പ്രവേശിച്ചു (ഒളിച്ചിരുന്നു). എന്നിട്ട് റസൂൽﷺ ചോദിച്ചു: "നിങ്ങളിലെ അബ്ദുല്ലാഹിബ്നുസലാം ആരാണ്?" അവർ പറഞ്ഞു: ഞങ്ങളിൽ ഏറ്റവും കൂടുതൽ വിവരമുള്ളവനും ഞങ്ങളിലെ ഏറ്റവും കൂടുതൽ വിവരമുള്ളവന്റെ മകനുമാണ് അദ്ദേഹം. ഞങ്ങളിലെ ഏറ്റവും നല്ലവനും ഞങ്ങളിലെ ഏറ്റവും നല്ലവന്റെ മകനുമാണ് അദ്ദേഹം. ഞങ്ങളുടെ നേതാവും ഞങ്ങളുടെ നേതാവിന്റെ മകനുമാണ് അദ്ദേഹം. ഞങ്ങളിലെ ശ്രേഷ്ഠനും ഞങ്ങളിലെ ശ്രേഷ്ഠന്റെ മകനുമാണ് അദ്ദേഹം." അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ അവരോട് ചോദിച്ചു: "അബ്ദുല്ലാഹ് ഇസ്‌ലാം സ്വീകരിക്കുന്നതിനെപ്പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം?" അപ്പോൾ അവർ പറഞ്ഞു: "അല്ലാഹു അദ്ദേഹത്തെ അതിൽനിന്ന് രക്ഷിക്കട്ടെ." (രണ്ടോ മൂന്നോ തവണ അവരിങ്ങനെ പറഞ്ഞു). അപ്പോൾ അബ്ദുല്ലാഹ് അവരിലേക്ക് വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: "അല്ലാഹു അല്ലാതെ ആരാധനക്ക് അർഹൻ ഇല്ലെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു. തീർച്ചയായും മുഹമ്മദ്ﷺ അല്ലാഹുവിന്റെ റസൂൽ ആണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു." അപ്പോൾ അവർ പറഞ്ഞു: "ഞങ്ങളിലെ ഏറ്റവും വലിയ ദുഷ്ടനും ദുഷ്ടന്റെ മകനുമാണ് (ഇ

> **മദീനയിലെ തമ്മിലടിക്കാരായ ജനതയെ പ്രവാചകൻﷺ അതുല്യമായ രൂപത്തിൽ ഐക്യപ്പെടുത്തി. അവർക്കിടയിലെ ഐക്യത്തിന് മുന്നിൽനിന്ന നബിﷺയെ യഹൂദികൾ പരിചയപ്പെടുത്തിത് ഭിന്നിപ്പിക്കുന്നവനും ഐക്യം തകർക്കുന്നവനുമെന്നായിരുന്നു! അവർക്കിടയലെ ഈ ഐക്യവും സ്നേഹവും യഹൂദികൾക്ക് പിടിച്ചില്ല. അവർ നബിﷺയെ ആകുന്നത്ര ഉള്ളിലൂടെ ദ്രോഹിക്കാൻ നോക്കി.**

വൻ)." അപ്പോൾ അദ്ദേഹം പറഞ്ഞു: "ഓ യഹൂദരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവാണ സത്യം. അവനല്ലാതെ ആരാധ്യനില്ല. തീർച്ചയായും ഇദ്ദേഹം അല്ലാഹുവിന്റെ റസൂൽ ആണെന്നും അദ്ദേഹം കൊണ്ടുവന്നത് സത്യമാണെന്നും നിങ്ങൾക്ക് അറിയാം." അപ്പോൾ അവർ പറഞ്ഞു: "നീ കളവ് പറഞ്ഞിരിക്കുന്നു..." ഈ സംഭവം ബുഖാരിയിലടക്കം പല ഗ്രന്ഥങ്ങളിലും നമുക്ക് കാണാവുന്നതാണ്.

മദീനയിൽ അവിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ എന്ന് പേരുള്ള ഒരു അബ്ദുല്ലാഹ് ആയിരുന്നു. അവിശ്വാസിയായ ഇവൻ ഏത് സമയത്തും ഔസ്-ഖസ്റജ് ഗോത്രങ്ങൾക്കിടയിൽ മധ്യസ്ഥന്റെ സ്ഥാനത്ത് നിൽക്കുന്നവനായിരുന്നു. മധ്യസ്ഥനാകുമ്പോൾ ഇരുകൂട്ടരും അയാളെ ഒരു നേതാവായി കാണുമല്ലോ. ആ ഒരു സ്ഥാനം മോഹിച്ച് അതിനുള്ള കുപ്പായം തുന്നി നടക്കുകയാണ് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ. അദ്ദേഹം അവരിൽ നേതൃസ്ഥാനം മോഹിച്ചുനടക്കുന്ന കാലത്താണ് മുഹമ്മദ് നബിﷺ മദീനയിലേക്ക് നേർവഴിയുമായി എത്തുന്നത്. നബിﷺ വന്നതോടെ ജനങ്ങളെല്ലാവരും നബിﷺയുടെ കൂടെയായി. ഇത് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂലിന് പിടിച്ചില്ല. അവന്റെ മനസ്സിൽ കടുത്ത അസൂയ മുളപൊട്ടി. തന്റെ അധികാരവും സ്ഥാനവും നഷ്ടമായത് ഈ മുഹമ്മദിലൂടെയാണെന്ന് മനസ്സിലാക്കിയ അബ്ദുല്ലാഹ് നബിﷺയുടെ നാശത്തിന് ശ്രമം തുടങ്ങി. പരസ്യമായി നബിﷺയെ നേരിടുക സാധ്യമല്ലെന്ന് മനസ്സിലാക്കിയ അബ്ദുല്ലാഹ് ഇസ്‌ലാമിലേക്ക് ചാരനായി പ്രവേശിക്കുകയാണ്. ഉള്ളിൽ സത്യനിഷേധവും കാപട്യവും ഒളിപ്പിച്ചുവെക്കുകയും പുറത്തേക്ക് ഇസ്‌ലാം പ്രകടിപ്പിക്കുകയും ചെയ്ത് നബിﷺയുടെ കൂടെക്കൂടിയായി നടന്നു. അങ്ങനെ നബിﷺയുടെ കൂടെ നടന്ന് ചാരപ്പണി നടത്തി. മദീനയിൽ കുഴപ്പം സൃഷ്ടിക്കാൻ തുടങ്ങി. അവന്റെയും അവന്റെ കൂടെയുള്ളവരുടെയും ഉപദ്രവം തെല്ലൊന്നുമല്ല നബിﷺയെ പ്രയാസപ്പെടുത്തിയത്. നബിﷺനോട് കടുത്ത വിരോധം വെച്ചുപുലർത്തുന്ന യഹൂദികളുടെയും അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂലിന്റെയും ഇടയിൽ നിന്നുകൊണ്ടാണ് ഇസ്‌ലാമിക പ്രബോധനം നബിﷺ നടത്തിയത്.



## മദീനയിലെ വിശ്വാസികൾ

മദീനയിൽ വിശ്വാസികളായി നബിﷺയുടെ കൂടെയുണ്ടായിരുന്ന സ്വഹാബിമാർ മുഹാജിറുകളും അൻസ്വാറുകളുമായിരുന്നുവല്ലോ. മക്കയിൽ നിന്ന് നബിﷺയോടൊപ്പം മദീനയിൽ എത്തിയവർ മുഹാജിറുകളെന്നും അവർക്ക് വേണ്ട സഹായ സജ്ജീകരണങ്ങൾ തയ്യാർ ചെയ്ത് അവരെ സ്വീകരിച്ച മദീനയിലെ വിശ്വാസികൾ അൻസ്വാറുകൾ എന്നുമാണല്ലോ അറിയപ്പെടുന്നത്. മദീനയിൽ എത്തിയ മുഹാജിറുകളെ അൻസ്വാറുകൾ ഏറ്റവും നല്ല രീതിയിലായിരുന്നു സ്വീകരിച്ചിരുന്നത്. അവർക്ക് വേണ്ട സഹായങ്ങളെല്ലാം അവർ നൽകി. എന്നിരുന്നാലും മുഹാജിറുകളിൽ പലർക്കും താമസസ്ഥലമോ മറ്റോ ഇല്ലാതെ മദീനയിൽ കഷ്ടപ്പെടേണ്ടി വന്നിരുന്നു. മുഹാജിറുകളെ അൻസ്വാരികൾ ഏറ്റെടുത്ത് സംരക്ഷിക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ ഏറ്റടുക്കാൻ നിർവാഹമില്ലാതെ ബാക്കിയായ ചില മുഹാജിറുകളും ഉണ്ടായിരുന്നു.

മദീനയിൽ നാൾക്കുനാൾ വിശ്വാസികളുടെ എണ്ണം വർധിക്കാൻ തുടങ്ങി. ഒറ്റയും തെറ്റയുമായി പിന്നെയും മദീനയിലേക്ക് വന്നവരുണ്ടായിരുന്നു. അതിനു പുറമെ മദീനയിലേക്ക് നിവേദകസംഘങ്ങളായും ദൗത്യസംഘങ്ങളായും പലരും എത്തിത്തുടങ്ങി. ഇങ്ങനെ വരുന്നവരെയും സ്വീകരിക്കണമല്ലോ. ഇങ്ങനെ വരുന്നവർക്കും താമസിക്കാൻ ഇടമില്ലാതെ വിഷമിക്കേണ്ടി വന്നു. അവർക്ക് വേണ്ടതായ ഭക്ഷണമോ വസ്ത്രമോ നൽകാൻ മാത്രം സൗകര്യം മദീനയിൽ ഇല്ലായിരുന്നു.

ടി.കെ.അശ്റഫ്
tkashraf100@gmail.com

ലേഖനം



# മനുഷ്യസൗഹാർദം; പ്രസക്തിയും പ്രായോഗികതയും

ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ അതിവ്യാപനത്തോടെ ഇന്ത്യയിൽ വന്നുചേർന്ന പ്രധാന ദുരിതങ്ങളിലൊന്ന് ബഹുസ്വര വിശ്വാസ സംസ്കൃതിയെ സംശയിക്കുന്നവരുടെ സംഖ്യ വർധിച്ചതാണ്. ഒരാൾ ബഹുസ്വരതക്കുവേണ്ടി നിലകൊള്ളുന്നുവെന്ന് പറയുമ്പോൾ അയാൾക്ക് മറ്റെന്തൊക്കെയോ താൽപര്യങ്ങളുണ്ടെന്ന് കരുതുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചു. ഒരാൾ മുസ്‌ലിമാണ് എന്നു പറയുന്നതിന് അയാൾ ഒരന്യമത വിരോധിയാണ് എന്ന അർഥം ഊഹിക്കുന്നവരുടെയും ഗണപ്പെരുപ്പം സംഭവിച്ചു.

ഒരു മുസ്‌ലിമിന് യഥാർഥ മുസ്‌ലിമായി ജീവിച്ചുകൊണ്ട് ഇതര മതസ്ഥരോട് സഹിഷ്ണുതയോടെ വർത്തിക്കാൻ സാധിക്കില്ലെന്ന് ചിന്തിക്കുന്നവരുടെ എണ്ണവും വർധിച്ചുകൊണ്ടിരിക്കുകയാണ്. യഥാർഥത്തിൽ വേദഗ്രന്ഥത്തിന്റെയും പ്രവാചകാധ്യാപനങ്ങളുടെയും അടിസ്ഥാനത്തിൽ തന്നെ, മതസഹിഷ്ണുവായിരിക്കാനും ഇതര മതസ്ഥരോട് സൗഹാർദം വെച്ചുപുലർത്താനും ബാധ്യസ്ഥനാണ് ഒരു യഥാർഥ മുസ്‌ലിം.

മുസ്‌ലിം പൊതുപ്രവർത്തകർ, സാമൂഹ്യ, സാംസ്കാരിക മേഖലകളിലുള്ളവർ, എഴുത്തുകാർ, രാഷ്ട്രീയക്കാർ എന്നിവരിൽ വലിയൊരു വിഭാഗം ഇന്ന് തങ്ങളുടെ മതസഹിഷ്ണുതയുടെ മാറ്റിനെക്കുറിച്ച് സ്വയം സംശയത്തിലാണ്. സ്വന്തം വിശ്വാസനിലപാടുകൾ യഥാവിധി തുറന്നുപറയുന്നിടത്ത് ബഹുസ്വരതക്കെതിരായ വളച്ചൊടിക്കലുകളുടെയും അതിവ്യാഖ്യാനങ്ങളുടെയും സാന്നിധ്യമുണ്ടാകുമോ എന്നവർ ഭയപ്പെടുന്നു. 'അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണ്' എന്നത് ക്വുർആനിക പരാമർശമാണ്. എന്നാൽ 'ഈ പരാമർശം ഇതേപടി ബഹുസ്വര സമൂഹത്തിൽ ഉറക്കെപ്പറഞ്ഞാൽ അത് മതസഹിഷ്ണുതക്കെതിരായിത്തീരുമോ?' എന്നതുപോലുള്ള സംശയങ്ങളാണ് അവരെ ഭരിക്കുന്നത്. 'ഞാൻ മതസഹിഷ്ണുതയുടെയും മതസൗഹാർദത്തിന്റെയും ആളാണ്' എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി സർവമത സത്യവാദത്തിലെത്തുന്ന തരത്തിലുള്ള ആശയങ്ങളെ പൊതുസമൂഹത്തിന് മുന്നിൽ ഏറ്റുപറയുകയോ, ക്വുർആനും പ്രവാചകാധ്യാപനങ്ങളും പഠിപ്പിച്ചി

ട്ടുള്ള പാഠങ്ങളെ അവഗണിക്കുകയോ, തിരസ്കരിക്കയോ ഒന്നും ചെയ്യേണ്ടതില്ല സമകാലിക മുസ്‌ലിംകൾ. ബഹുമത സമൂഹത്തിൽ യഥാർഥ മുസ്‌ലിമായി ജീവിച്ചുകൊണ്ട് തന്നെ മതസഹിഷ്ണുതയുടെയും മനുഷ്യ സൗഹാർദത്തിന്റെയും മികച്ച മാതൃകകളായിത്തീരാൻ മുസ്‌ലിംകൾക്ക് സാധിക്കും; സാധിക്കേണ്ടതുണ്ട്.

മുസ്‌ലിംകൾ സ്വന്തം വിശ്വാസത്തിൽ ഉറച്ച് നിൽക്കുമ്പോൾ തന്നെ മറ്റു മതസ്ഥരോട് നല്ലനിലയിൽ വർത്തിക്കേണ്ടതുണ്ട്. ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹത്തിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മതവിശ്വാസം പരസ്പരം പങ്കുവെച്ചുകൊണ്ടല്ല ഈ സൗഹൃദം സാധ്യമാക്കേണ്ടത്. രണ്ട് വിരുദ്ധാശയങ്ങൾ പരസ്പരം ലയിക്കുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരാശയമാണ് ഉണ്ടാകുന്നത്. പിന്നീട് സൗഹാർദത്തിന്റെ ആവശ്യം അവിടെ ഉയരുന്നില്ല. രണ്ട് ആശയങ്ങളും സ്വന്തം ചേരിയിൽ ഉറച്ചുനിൽക്കുമ്പോഴാണ് സൗഹൃദത്തിന്റെ സാധ്യതതന്നെ ഉണ്ടാവുന്നത്. 'നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്കെന്റെ മതം' എന്നതാണ് ക്വുർആനിക നിലപാട്. മനുഷ്യസൗഹാർദമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്.

അവിശ്വാസിയാവുക എന്നത് മാനുഷികമായ നീതിക്ക് ഒരാളെ അർഹമല്ലാതാക്കുന്നില്ല. മനുഷ്യൻ എന്ന നിലയിൽ എല്ലാ മനുഷ്യജീവികളോടും നീതിപൂർവം വർത്തിക്കുവാൻ മുസ്‌ലിംകളെല്ലാം ബാധ്യസ്ഥരാണ്. ഇസ്‌ലാം അംഗീകരിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും വിഭാഗത്തോട് മാനവിക നീതിയാവശ്യമില്ലെന്ന് ക്വുർആൻ പറയുന്നില്ല. ആദർശപരമോ നയപരമോ ആയ ഭിന്നിപ്പുകളുടെ അടിസ്ഥാനത്തിൽ അനീതി കാണിക്കുന്നതിന്ഇസ്‌ലാം എതിരാണ്.

വിശുദ്ധ ക്വുർആൻ പറയുന്നു: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

"പറയുക എന്റെ രക്ഷിതാവ് നീതിപാലിക്കാനാണ് കല്പിച്ചിരിക്കുന്നത്..." (ക്വുർആൻ 7:29).

"തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതിപാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽനിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നൽകുന്നു" (ക്വുർആൻ 16:90).

മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധത്തിന് വരാത്തവരും വീട്ടിൽനിന്ന് പുറത്താക്കാത്തവരുമായ ഏതൊരാൾക്കും നന്മ ചെയ്ത് കൊടുക്കണമെന്നും അവരോട് നീതിപൂർവം പെരുമാറണമെന്നും പഠിപ്പിക്കുന്ന ക്വുർആനിന്റെ അനുയായികൾക്ക് എങ്ങനെയാണ് ഇതര മതസ്ഥരോട് മനുഷ്യത്വരഹിതമായി പെരുമാറുവാൻ കഴിയുക?

നീതിയും നന്മയും പൊതുവായ ദൈവികാനുഗ്രഹമാണെന്നും ഒരു വിശ്വാസിക്കും അവിശ്വാസിക്കുമിടയിലെ ആദർശവൈജാത്യം ആ പൊതു അനുഗ്രഹം നിഷേധിക്കാൻ കാരണമല്ലെന്നുമാണ് ക്വുർആൻ പറയുന്നത്. നീതിയുടെ മാനവ വീക്ഷണം നിഷേധിക്കപ്പെട്ടതാണ് ഇസ്‌ലാം ഒഴിച്ചുള്ള മതങ്ങളുടെ പരാജയമെന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ട്. തോമസ് ആൽഫ്രഡ്, തന്റെ 'വേൾഡ് റിലിജ്യൻസ് ആന്റ് സെക്കുലർ ഹ്യൂമനിസം' എന്ന കൃതിയിൽ എഴുതുന്നു: "നീതിയുടെ സാർവത്രിക സ്വഭാവവും നന്മയുടെ സാർവജനീനതയുമാണ് ശുദ്ധമാനവികതയുടെ അടിസ്ഥാന സ്തംഭങ്ങൾ. ഇവ കണ്ടെത്തുന്നതിലും തിരിച്ചറിയുന്നതിലും ഉൾക്കൊള്ളുന്നതിലും വിവിധ മതങ്ങൾക്കു സംഭവിച്ച പരാജയമാണ് ലോകത്ത് അശാന്തിയുടെയും വിദ്വേഷത്തിന്റെയും വിത്തുവിതച്ചത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തു സവിശേഷ സമീപനം പ്രകടിപ്പിച്ചു. നന്മയുടെയും നീതിയുടെയും അർഹതയിൽനിന്ന് പൊതുസമൂഹത്തെയോ ഏതാനും വ്യക്തികളെയോ തടയുവാൻ അനിസ്സ്‌ലാമികതയോ, ഇസ്‌ലാമുമായുള്ള വിയോജിപ്പോ അടിസ്ഥാന കാരണങ്ങളല്ലെന്ന് ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ക്വുർആൻ മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്" (പേജ് 74-75, ഹ്യൂമനിസ്റ്റ് പ്രസ് ഇന്റർ നാഷണൽ, ലണ്ടൻ, 1989).

അയൽവാസി പട്ടിണികിടക്കുമ്പോൾ മതം നോക്കിയല്ല ഒരു മുസ്‌ലിം സഹായിക്കേണ്ടത്. തൊട്ടടുത്ത വീട് അഗ്നിക്കിരയാകുമ്പോൾ മതത്തിന്റെ നിറം പരിഗണിച്ചല്ല തീ കെടുത്തേണ്ടത്. ആക്സിഡന്റിൽ രക്തം വാർന്നൊലിക്കുന്നവന്റെ ജാതിയന്വേഷിച്ചല്ല അവനെ ആശുപത്രിയിലെത്തിക്കേണ്ടത്. പച്ചക്കരളുള്ള ഏതൊരു ജീവിക്കും കരുണ ചെയ്യണമെന്നാണ് ഇസ്‌ലാമികാധ്യാപനം.

## ഇസ്‌ലാമിന്റെ മധ്യമ നിലപാട്

മനുഷ്യരെ കഷ്ടപ്പെടുത്തുന്ന ഒരു നിയമവും ക്വുർആനിലും സുന്നത്തിലുമില്ല. മതം എളുപ്പമാണ് ഉദ്ദേശിക്കുന്നത്. തീവ്രതയിലേക്ക് വലിച്ചിഴക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അവനെ മതം പരാജയപ്പെടുത്തും. മതത്തിന്റെ പേരിൽ പ്രമാണങ്ങളിലില്ലാത്തത് ചെയ്യുന്നവർ മതത്തെ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. നിർബന്ധമായി ചെയ്യേണ്ടതും കഴിവിനനുസരിച്ച് പരമാവധി ചെയ്യാൻ ശ്രമിക്കേണ്ട ഐഛികമായ കാര്യങ്ങളും മതത്തിലുണ്ട്. ഇവ

രണ്ടിനോടും ഒരേ സമീപനമല്ല വേണ്ടത്. നിർബന്ധമായതിൽ വീഴ്ച വരുത്തുന്നത് അതീവ ഗൗരവമാണ്. ഐച്ഛികമായ നൻമകളെ നിർബന്ധത്തിന്റെ പിരിധിയിലേക്ക് കൊണ്ടുവന്നാൽ മതം അപ്രായോഗികവും ഭാരമേറിയതുമായി വിലയിരുത്തപ്പെടും. താൻ അനുഷ്ഠിക്കുന്ന മുഴുവൻ ഐച്ഛിക കർമങ്ങളും എല്ലാവരും നിർവഹിക്കണമെന്ന് ആഗ്രഹിക്കാമെങ്കിലും, അതിന് മറ്റുള്ളവരെ നിർബന്ധിക്കുന്നതും അങ്ങനെ ചെയ്യാത്തവരെ കുറ്റക്കാരായി വീക്ഷിക്കുന്നതും ശരിയല്ല.

അടിസ്ഥാന ബാധ്യതകൾ അവഗണിച്ച് ആരാധനകളിൽ മുഴുകുന്നതും ഇതുപോലെത്തന്നെയാണ്. അല്ലാഹുവിനോടുള്ള മുഖ്യമായ ബാധ്യത വിസ്മരിച്ചുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി ജീവിതം മുഴുവൻ നീക്കിവെക്കുകയും മെഴുകുതിരിപോലെ കത്തിത്തീരുകയും ചെയ്യുന്നവരും, അല്ലാഹുവിലേക്ക് അടുക്കാനായി ആരാധനകളിൽ മുഴുകി സ്വന്തത്തെയും കൂടെയുള്ളവരെയും വിസ്മരിച്ച് സമൂഹത്തിൽനിന്ന് അകന്ന് ജീവിക്കുന്നവരും മതത്തിൽ അതിരുകവിഞ്ഞവരാണ്. കഴിവും പ്രാപ്തിയുമുണ്ടെങ്കിൽ മതാനുഷ്ഠാനങ്ങളിൽ പരമാവധി മുൻകടക്കാൻ പരിശ്രമിക്കണം. എന്നാൽ ദുർബലർകൂടി ഉൾകൊള്ളുന്ന അനുഷ്ഠാനങ്ങളാണ് നാം നിർവഹിക്കുന്നതെങ്കിൽ അവരെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം കർമങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

ഒറ്റക്ക് നമസ്കരിക്കുമ്പോൾ (പ്രത്യേകിച്ച് രാത്രിയിൽ) ദീർഘിപ്പിക്കുന്നത് നല്ലതാണ്. എന്നാൽ വൃദ്ധരും കുട്ടികളുമടങ്ങുന്നവർക്ക് ഇമാമായി നമസ്കരിക്കുമ്പോൾ അവരെക്കൂടി പരിഗണിക്കണം. പ്രവാചകൻﷺ കുട്ടികളുടെ കരച്ചിൽ കേട്ടപ്പോൾ നമസ്കാരം ലഘൂകരിച്ചത് ഇതിനുദാഹരണമാണ്. ഭർത്താവ് വീട്ടിലുണ്ടെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടെയാവണം ഭാര്യ സുന്നത്ത് നോമ്പനുഷ്ഠിക്കേണ്ടതെന്ന നിർദേശത്തിലും ഈ ആശയം തന്നെയാണ് വ്യക്തമാവുന്നത്. മതം ജീവിതത്തിൽ നിലനിൽക്കണമെങ്കിൽ അവധാനതയോടെ ഉൾകൊള്ളുകയും ആത്മാർഥമായി അനുഷ്ഠിക്കുകയും വേണം. ആവേശത്തിന്റെ പേരിൽ ആരംഭിക്കുന്ന നന്മകൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടാവുകയുള്ളൂ. കഴിവിൽ പെടാത്തത് വൈകാരികമായി ഏറ്റെടുത്ത് ചുരുങ്ങിയകാലം അനുഷ്ഠിച്ച ശേഷം ഉപേക്ഷിക്കുകയും നിർബന്ധകർമങ്ങൾ പോലും വിസ്മരിക്കുകയും ചെയ്യുന്ന പ്രവണത അപകടത്തിലേക്കാണ് നയിക്കുക.

### പ്രവാചകാധ്യാപനങ്ങളെ പരിഹസിക്കരുത്

ജീവിതത്തിൽ ആത്മാർഥമായി പാലിക്കുന്ന ശക്തമായ സുന്നത്തുകളെ മിതത്വത്തിന്റെ മറവിൽ നിസ്സാരമായി കാണുന്ന പ്രവണത തിരുത്തേണ്ടതാണ്. നിരവധി ഹദീഥുകളിൽ സ്ഥിരപ്പെട്ട; താടി വളർത്തുക, മീശവെട്ടുകയെന്ന സംസ്കാരം സ്വീകരിച്ചതിന്റെ പേരിൽ ബാർബർ ഷാപ്പിന്റെ മൂലയിൽ മുഖം കുത്തിവീണ് എഴുന്നേറ്റവനെപോലെയെന്ന് പരിഹസിക്കുന്നത് പ്രവാചകന് നേരെയുള്ള കടന്നാക്രമണമാണ്. താടിനീട്ടൽ മുസ്‌ലിം പുരുഷന്റെ പ്രകൃതത്തിൽ പെട്ടതാണ്. താടി വടിക്കലാണ് പ്രകൃതിവിരുദ്ധം, പ്രയാസകരം. മിതത്വത്തിന്റെയും എളുപ്പത്തിന്റെയും 'ന്യായ'ത്തിൽ ഒഴിവാക്കാൻ ന്യായമില്ല. തൗഹീദ് സ്വീകരിച്ച വ്യക്തി താടിയില്ലാത്തവനാണെങ്കിൽ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതിന് പകരം പ്രവാചക വചനങ്ങൾ ബോധ്യപ്പെടുത്തുന്ന ഗുണകാംക്ഷ നിറഞ്ഞ നിലപാടാണ് സ്വീകരിക്കേണ്ടത്. ക്രമേണ ജീവിതത്തിലുണ്ടാവേണ്ട നന്മയാണിത്. താടിയെ തീവ്രവാദത്തിന്റെ അടയാളമായി മാധ്യമങ്ങൾ ഉയർത്തിക്കാട്ടുകയും ഇസ്‌ലാം വിരോധികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനാൽ താടിയൊഴിവാക്കലാണ് ഇതിന് പരിഹാരമെന്ന് ചിലർ പറയാതെ പറയുന്നു. നമസ്കാരത്തഴമ്പും ഇസ്‌ലാമികാഭിവാദ്യങ്ങളും സ്ത്രീകളുടെ ശിരോവസ്ത്രവും ഞെരിയാണിക്ക് താഴെയിറങ്ങാത്ത പുരുഷവസ്ത്രവുമെല്ലാം തീവ്രതയുടെ അടയാളമായി പറയാൻ തുടങ്ങിയാൽ ഇതെല്ലാം ഒഴിവാക്കിക്കൊണ്ട് 'നിരപരാധിത്വം' തെളിയിക്കാൻ വിശ്വാസിക്ക് സാധിക്കുമോ?

കച്ചവടം, ഭൗതികമായ പുരോഗതികൾ, ധനസമ്പാദനം, പ്രശസ്തി, എന്നിവക്കായി ദീർഘയാത്ര നടത്തുകയും വർഷങ്ങളായി വീട്ടിൽനിന്ന് വിട്ടുനിൽക്കുകയും രാത്രി വൈകി വീട്ടിലെത്തുകയും കുടുംബത്തെ കാണാൻപോലും സ്വസ്ഥമായ സമയം ലഭിക്കാതെ തിരക്കുപിടിച്ച ജീവിതം നയിക്കുകയും ചെയ്യുന്നവരെ ആരും അതിന്റെ പേരിൽ ആക്ഷേപിക്കുകയോ പണസമ്പാദനം നിർത്തിവെക്കണമെന്ന് ഉപദേശിക്കുകയോ ചെയ്യാറില്ല. എന്നാൽ മതരംഗത്ത് ശ്രദ്ധിക്കുകയും കൃത്യമായി ജമാഅത്തിന് പങ്കെടുക്കുകയും സുന്നത്ത് നമസ്കാരങ്ങളും നോമ്പും അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും പ്രബോധനത്തിനായി സമയം നീക്കിവെക്കുകയും അതിനായി ദീർഘയാത്രനടത്തുകയും ധനംചെലവഴിക്കുകയും സുന്നത്തിൽ നിഷ്ഠ പാലിക്കുകയും ചെയ്യുന്നവനെ മതത്തിൽ തീവ്രതയുള്ളവനായി ചിത്രീകരിക്കാൻ ശ്രമിക്കുന്നത് കുറ്റകരമാണ്. ഐച്ഛികമായ കർമങ്ങൾ ജീവിതത്തിൽ പകർത്താൻ പലകാരണങ്ങളാൽ കഴിയാത്തവർ അനുഷ്ഠിക്കുന്നവരെ അനുഷ്ഠാന തീവ്രതയുള്ളവരായി കാണുകയും പരിഹസിക്കുകയും ചെയ്യുന്ന ശൈലി വിശ്വാസികൾക്ക് കരണീയമല്ല. തീവ്രതയെ തിരിച്ചറിയുന്നതിലും തീവ്രത പാടില്ല.

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ബാലപഥം

# ഉപ്പാപ്പ

വെളുത്ത താടി, നരച്ച മുടിയും
ചുണ്ടിൽ നിറയെ പുഞ്ചിരിയും
വെളുത്ത കുപ്പായത്തിൽ കാണും
സുന്ദരനാണെൻ വല്യുപ്പ!
എന്നോടെന്തൊരു കൂട്ടാണ്
എന്നോടിഷ്ടം കൂടാനും
കൂടെവരാനും കൂട്ടുവരാനും
വല്യുപ്പാക്കെന്തിഷ്ടാണ്!
കാര്യം പലതും മെല്ലെ മെല്ലെ
ഓതിത്തന്നു പഠിപ്പിക്കും.
തെറ്റുകളെന്ത്, ശരിയെന്ത്,
എല്ലാം ചൂണ്ടിക്കാണിക്കും.
പതിയെ നടക്കും പാട്ടുകൾ പാടും
എന്നുടെ സ്വന്തം ഉപ്പാപ്പ...!

# വല്യുമ്മ

നിറഞ്ഞ പല്ലുകൾ എല്ലാതും
പുതുതായ് വെച്ചവയാണത്രെ!
എങ്കിലുമാ വദനത്തിൽ കാണാം
നിറഞ്ഞുനിൽക്കും പുഞ്ചിരിയേ
കാലം സാക്ഷി, കഥകൾ സാക്ഷി
വല്യുമ്മാന്റെ അറിവിനു സാക്ഷി!
പയ്യെ നടക്കും പയ്യെ പറയും
തെറ്റുകൾ കണ്ടാൽ ശിക്ഷിക്കും.
എല്ലാവർക്കും ഇഷ്ടം കൂടാൻ,
എല്ലാവർക്കും സ്നേഹിക്കാൻ
നന്മ നിറഞ്ഞൊരു വല്യുമ്മ,
നല്ലത് പറയും വല്യുമ്മ!



WISDOM students

## നിറങ്ങൾ കൊണ്ട് വിസ്മയം തീർക്കാൻ

# നിറവസന്തം

## ജൂലൈ – ഒക്ടോബർ 2021

### ശാഖ, മണ്ഡലം, ജില്ല കേന്ദ്രങ്ങളിൽ

wisdomstudents

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JULY 31

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# അറിവ് തേടി അലയേണ്ടതില്ല... അറിയേണ്ടതെല്ലാം വിരൽ തുമ്പിലുണ്ട്... പീസ് റേഡിയോ.....




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App